2025JANUARY
21
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




**കേന്ദ്ര ബജറ്റ്**

## ആദായ നികുതി പുനഃക്രമീകരിച്ചേക്കും: കൂടുതൽ ഇളവുകൾക്ക് സാധ്യത

**ന്യൂദൽഹി:** ഗാർഹിക ചെലവഴിക്കൽ ശേഷി വർധിപ്പിക്കുന്നതിനും സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനും കേന്ദ്ര ബജറ്റിൽ വ്യക്തിഗത ആദായ നികുതിയിൽ കാര്യമായ ഇളവുകൾ പ്രഖ്യാപിച്ചേക്കും.

വ്യക്തികൾക്കുള്ള സ്റ്റാൻഡേഡ് ഡിഡക്ഷൻ 75,000 രൂപയായി വർധിപ്പിക്കുന്നതോടൊപ്പം നികുതിയിളവ് പരിധി മൂന്ന് ലക്ഷത്തിൽ നിന്ന് ഉയർത്തുന്നതും പരിഗണിച്ചേക്കും. 12 മുതൽ 15 ലക്ഷം രൂപ വരെയുള്ള വ്യക്തിഗത വരുമാനത്തിനുള്ള നികുതി ഘടന പുനഃക്രമീകരിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണെന്നാണ് ലഭിക്കുന്ന സൂചന. ഇതിനായി 20 ശതമാനം നികുതി സ്ലാബ് പരിഷ്കരിക്കേണ്ടിവരും. സ്ലാബ് പരിഷ്കരണത്തിലൂടെ കൂടുതൽ പേർക്ക് അതിന്റെ ഗണം ലഭിക്കാൻ സഹായിക്കുമെന്നാണ് വിലിയരുത്തൽ.




നിലവിൽ പുതിയ സമ്പ്രദായ പ്രകാരം 3 മുതൽ 7 ലക്ഷം രൂപവരെ വരുമാനമുള്ളവർക്ക് അഞ്ച് ശതമാനമാണ് നികുതി ബാധ്യത.

7 മുതൽ 10 ലക്ഷം രൂപവരെ 10 ശതമാനവും 10 മുതൽ 12 ലക്ഷം രൂപവരെ 15 ശതമാനവുമാണ് നികുതി നൽകേണ്ടത്.

1015 ലക്ഷം വരുമാനമുള്ളവർ 20 ശതമാനവും അതിന് മുകളിൽ 30 ശതമാനവുമാണ് ബാധ്യത.

കോവിഡിന് ശേഷമുള്ള മൂന്ന് വർഷത്തെ ശരാശരി വളർച്ച 8.3 ശതമാനമായിരുന്നു. നടപ്പ് സാമ്പത്തിക വർഷം 6.4 ശതമാനമായി കുറഞ്ഞേക്കുമെന്ന സാഹചര്യം കണക്കിലെടുത്താണ് വ്യക്തിഗത ആദായ നികുതി വ്യവസ്ഥ പരിഷ്കരിക്കാനുള്ള സർക്കാരിന്റെ ശ്രമം.

ചെലവഴിക്കൽ ശേഷിയിൽ കാര്യമായ വർധനവുണ്ടാക്കുന്നതിന് നികുതി കിഴിച്ചുള്ള വ്യക്തികളുടെ വരുമാനം കൂടേണ്ടതുണ്ടെന്ന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും ഈയിടെ ആവശ്യപ്പെട്ടിരുന്നു.



## യുഎസിൽ വീണ്ടും ട്രംപ് യുഗം

**വാഷിങ്ടൺ:** വധശ്രമങ്ങളെയും ഇംപീച്ച്മെൻറുകളെയും ക്രിമിനൽ കേസ് വിധികളെയും മറികടന്ന് ഡോണൾഡ് ട്രംപ് വീണ്ടും യുഎസിൻറെ ഭരണതലപ്പത്ത്. കുപ്രസിദ്ധമായ കാപിറ്റോൾ കലാപത്തിൻറെ നാലാം വാർഷികത്തിലാണു സ്വയം തിരുത്തിയും നയങ്ങളിൽ യുഎസിനെ തിരുത്തുമെന്നു പ്രഖ്യാപിച്ചും റിപ്പബ്ലിക്കൻ നേതാവിൻറെ തിരിച്ചുവരവ്. 2020ൽ അപമാനിതനായി പടിയിറങ്ങിയ വൈറ്റ് ഹൗസിലേക്ക് തിരികെയെത്തിയ ട്രംപിനെ സ്വീകരിച്ച മുൻ എതിരാളി ജോ ബൈഡൻ നിയുക്ത പ്രസിഡൻറിനായി ചായ സത്കാരം നടത്തി. തുടർന്ന് സത്യപ്രതിജ്ഞാ വേദിയായ കാപിറ്റോളിലേക്ക് ഇരുവരും ഒരുമിച്ചാണിറങ്ങിയത്. 2021ൽ ബൈഡൻറെ സത്യപ്രതിജ്ഞ ട്രംപ് ബഹിഷ്കരിച്ചിരുന്നു.

അതിശൈത്യത്തെത്തുടർന്നു സത്യപ്രതിജ്ഞ കാപിറ്റോൾ മന്ദിരത്തിനുള്ളിലേക്കു മാറ്റിയതുൾപ്പെടെ ഏറെ സവിശേഷതകളോടെയാണ് ട്രംപിൻറെ സ്ഥാനാരോഹണം. വാഷിങ്ടൺ നഗരത്തിലെ തെരുവുകളിലടക്കം ട്രംപ് അനുകൂലികൾ റിപ്പബ്ലിക്കൻ പതാകകളുമായി നിറഞ്ഞു.യുഎസിൻറെ നയങ്ങളിലും ആഗോള നയതന്ത്രത്തിലും ഭൗമരാഷ്ട്രീയ ബലാബലത്തിലും വലിയ മാറ്റങ്ങളുടെ സൂചന നൽകിയാണു ട്രംപിൻറെ രണ്ടാംവരവ്. താനും വൈസ് പ്രസിഡൻറ് ജെ.ഡി. വാൻസും ചേർന്ന് അമെരിക്കയെ വീണ്ടും അതിൻറെ പ്രതാപത്തിലേക്കു തിരികെക്കൊണ്ടുവരുമെന്നാണു പ്രധാന പ്രഖ്യാപനം.



## കഴിഞ്ഞവർഷം ഏറ്റവും കൂടുതൽ കോവിഡ് മരണം കേരളത്തിൽ; 66 മരണം

**തിരുവനന്തപുരം:** കഴിഞ്ഞവർഷം ഏറ്റവും കൂടുതൽ കോവിഡ് മരണങ്ങളുണ്ടായത് കേരളത്തിൽ. ജനുവരിക്കും ഡിസംബർ ആറിനുമിടയിൽ 66 പേരാണ് മരിച്ചത്. കർണാടകത്തിൽ 39 പേരും മഹാരാഷ്ട്ര, ഡൽഹി, പഞ്ചാബ് എന്നിവിടങ്ങളിൽ മുപ്പതിലധികംപേരും മരിച്ചതായാണ് കേന്ദ്രസർക്കാർ പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നത്.

കഴിഞ്ഞവർഷം സംസ്ഥാനത്ത് 5597 പേർക്ക് കോവിഡ് ബാധിച്ചതായാണ് സ്ഥിരീകരിച്ചത്. രാജ്യത്ത് ഇപ്പോൾ കോവിഡ് വൈറസിന്റെ പുതിയ വകഭേദങ്ങളൊന്നുമില്ല. 2023 നവംബറിൽ സ്ഥിരീകരിച്ച ജെ.എൻ. 1 എന്ന വകഭേദമാണ് ഇപ്പോഴുള്ളത്. നിർബന്ധമല്ലാത്തതിനാൽ സംസ്ഥാനത്ത് കോവിഡ് പരിശോധനകൾ കുറഞ്ഞിട്ടുണ്ട്. പനിക്കൊപ്പം ശ്വാസതടസ്സമോ മറ്റ് ഗുരുതരരോഗങ്ങളോ ഉള്ളവരോട് മാത്രമാണ് ആർ.ടി.പി.സി.ആർ. പരിശോധന നടത്താൻ ആവശ്യപ്പെടുന്നത്.

വാക്സിനേഷനിലൂടെ കോവിഡ് വൈറസിനെതിരായ പ്രതിരോധശേഷി ഉയർന്നതിനാൽ രോഗികളുടെ എണ്ണം കുറഞ്ഞുവരുന്നുണ്ട്. 2023ൽ സംസ്ഥാനത്ത് 87,242 പേർക്ക് കോവിഡ് ബാധിക്കുകയും 516 പേർ മരിക്കുകയുംചെയ്തു. 2022ൽ 15,83,884 പേർക്ക് രോഗം ബാധിക്കുകയും 24,114 പേർ മരിക്കുകയുംചെയ്തിരുന്നു. സർക്കാർ കണക്കുകൾപ്രകാരം തിങ്കളാഴ്ച രണ്ടുപേരാണ് കോവിഡ് ചികിത്സയിലുള്ളത്.



## മലങ്കര കാത്തലിക് അസോസിയേഷൻ കർമപദ്ധതി ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** മലങ്കര കാത്തലിക് അസോസിയേഷൻ തിരുവനന്തപുരം മേജർ അതിരൂപതാ സമിതിയുടെ 2025 കർമപദ്ധതി ഉദ്ഘാടനവും സിറിൾ മാർ ബസേലിയോസ് കാതോലിക്കാ ബാവാ അനുസ്മരണവും കൊട്ടാരക്കര കിഴക്കേതെരുവ് ഹോളി ട്രിനിറ്റി മലങ്കര കത്തോലിക്കാ പള്ളിയിൽ നടന്നു.

മേജർ അതിരൂപതാ പ്രസിഡൻറ് റജിമോൻ വർഗീസിൻറെ അധ്യക്ഷതയിൽ തിരുവല്ല ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസ് ഉദ്ഘാടനം ചെയ്തു. സിറിൾ മാർ ബസേലിയോസ് ബാവ സഭയുടെ പ്രകാശ ഗോപുരമാണെന്ന് ആർച്ച്ബിഷപ് പറഞ്ഞു.

സഭയുടെ കാനോനികമായ അടിത്തറ ശക്തിപ്പെടുത്തുന്നതിനു ത്യാഗം ചെയ്ത ക്രാന്തദർശിയായിരുന്നു മാർ ബസേലിയോസ് ബാവ. മേജർ അതിഭദ്രാസന വൈദിക ഉപദേഷ്ടാവ് ഗീവർഗീസ് നെടിയത്ത് റമ്പാൻ, മേജർ അതിരൂപതാ പിആർഒ ഫാ. ബോവസ് മാത്യു, മലങ്കര കാത്തലിക് അസോസിയേഷൻ ജനറൽ സെക്രട്ടറി രാജുമോൻ ഏഴംകുളം, ട്രഷറർ ജോൺ അരശുംമൂട്, ഫാ. ജോൺസൺ പള്ളി പടിഞ്ഞാറ്റേതിൽ, ജോമി തോമസ്, ജോൺ വർഗീസ്, അജേഷ് കോശി കെ. ജോൺ എന്നിവർ പ്രസംഗിച്ചു. അഡ്വ. ജോസ് കല്ലട കഥാപ്രസംഗം അവതരിപ്പിച്ചു.



ട്വൻ്റി 20 പാർട്ടി കൊച്ചി നിയോജക മണ്ഡലം പ്രവർത്തക കൺവെൻഷനും പാർട്ടി ഓഫീസ് ഉദ്ഘാടനവും പാർട്ടി സംസ്ഥാന വൈസ് പ്രസിഡൻ്റ് വി. ഗോപകുമാർ നിർവ്വഹിക്കുന്നു . അഡ്വ ചാർളി പോൾ, ടെനി തോമസ്, ജോയി പൊറത്തൂക്കാരൻ, ജെൻസി ടെല്ലസ്, ഷീല ഡേവിഡ് എന്നിവർ സമീപം

## ട്വൻ്റി 20 പാർട്ടി പ്രവർത്തക കൺവൻഷനും ഓഫീസ് ഉദ്ഘാടനവും

**കൊച്ചി:** ട്വൻ്റി 20 പാർട്ടി കൊച്ചി നിയോജക മണ്ഡലം പ്രവർത്തക കൺവെൻഷനും പാർട്ടി ഓഫീസിൻ്റെ ഉദ്ഘാടനവും നടന്നു. ട്വൻ്റി 20 പാർട്ടി സംസ്ഥാന വൈസ് പ്രസിഡൻ്റ് വി. ഗോപകുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. കൊച്ചി വെളിയിൽ നടന്ന പ്രോഗ്രാമിൽ നിയോജക മണ്ഡലം വൈസ് പ്രസിഡൻ്റ് ടെനി തോമസ് അധ്യക്ഷനായിരുന്നു. സംസ്ഥാന എക്സിക്യൂട്ടീവ് ബോർഡ് അംഗം അഡ്വ ചാർളി പോൾ, ജെൻസി ടെല്ലസ്, ജോയി പൊറത്തൂക്കാരൻ,ഷീല ഡേവീഡ് , ജേക്കബ് ജൂഡ് എന്നിവർ പ്രസംഗിച്ചു മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും എല്ലാ വാർഡിലും മത്സരിക്കുവാൻ തീരുമാനിച്ചു.

## നഗരത്തിൽ 6,397 വീടുകളിൽ സിറ്റി ഗ്യാസ് കണക്ഷൻ എത്തി

**കൊച്ചി:** വീടുകളിലേക്ക് പ്രകൃതി വാതക പൈപ്പ് ലൈൻ വലിക്കുന്ന സിറ്റി ഗ്യാസ് പദ്ധതി വഴി നഗരത്തിൽ ഇതുവരെ 6,397 വീടുകൾക്ക് കണക്ഷൻ നൽകിയതായി കോർപറേഷൻ അറിയിച്ചു. 42,46,36,48 ഡിവിഷനുകളിലാണ് പദ്ധതി നടക്കുന്നത്. കൂടുതൽ ഡിവിഷനുകളിലേക്ക് വ്യാപിപ്പിക്കാനുള്ള തയാറെടുപ്പിലാണ് അധികൃതർ.

കഴിഞ്ഞ ദിവസം 42ാം ഡിവിഷനിൽ പദ്ധതി പൂർത്തീകരിച്ചു. ബാക്കി ഡിവിഷനുകളിൽ പദ്ധതി അതിവേഗം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ചക്കരപ്പറമ്പ് ഡിവിഷനിൽ 80 ശതമാനം പദ്ധതി പൂർത്തിയായതായി കൗൺസിലർ കെ.ബി. ഹർഷൽ പറഞ്ഞു. എന്നാൽ റോഡ് കുഴിക്കേണ്ടി വരുന്നതിനാലും തെരഞ്ഞെടുപ്പിന് ഒരു വർഷം കൂടി മാത്രം ഉള്ളതിനാലും കൂടുതൽ കൗൺസിലർമാർ ഡിവിഷനിൽ നടപ്പിലാക്കാൻ മടിക്കുന്നുവെന്ന ആരോപണമുണ്ട്.

2016 ഫെബ്രുവരിയിലാണ് കോർപറേഷനിൽ പദ്ധതിക്ക് തുടക്കമിട്ടത്. റോഡ് കുഴിക്കുന്നതിനെ ചൊല്ലിയുള്ള തർക്കത്തിൽപ്പെട്ടു പദ്ധതി വൈകി. പ്രളയവും കോവിഡും വന്നതോടെ വീണ്ടും നീണ്ടു. ആദ്യം അനുമതി ലഭിച്ചത് ദേശീയപാതയിലും മരാമത്ത് റോഡുകളിലുമാണെന്നതിനാൽ അവയ്ക്കരികിലുള്ള ഡിവിഷനുകളിലാണു പദ്ധതി പുരോഗമിക്കുന്നത്. അനുമതി കിട്ടുന്ന മുറയ്ക്കു കൂടുതൽ പ്രദേശങ്ങളിലേക്കു പദ്ധതി വ്യാപിപ്പിക്കും.

ഒരു പൈപ്പ് ലൈൻ കണക്ഷൻ എടുക്കുന്നതിന് 7,150 രൂപയാണ് നിരക്ക്. 6,000 ആണ് സെക്യൂരിറ്റിയായി നൽകേണ്ടത്. 1150 രൂപ പ്ലംബിംഗ് ചാർജാണ്. ഇത് പല തവണകളായി നൽകാം. ആദ്യ ബില്ലിനൊപ്പം ഒറ്റത്തവണയായോ, 2000 രൂപ, 500 രൂപ, 100 രൂപ എന്നിങ്ങനെയോ ആണ് നൽകേണ്ടത്. ഇതിൽ 100 രൂപ അടയ്ക്കുന്നവർക്ക് കണക്ഷൻ വിച്ഛേദിക്കുന്ന സമയത്ത് തുക തിരികെ നൽകില്ല.



# തീർഥാടകരുടെ എണ്ണത്തിലും വരുമാനത്തിലും വർധന

**ശബരിമല:** മണ്ഡല, മകരവിളക്ക് തീർഥാടനകാലം വിവാദങ്ങളില്ലാതെ പൂർത്തിയാക്കാനായതിൻറെ ആശ്വാസത്തിലാണ് ദേവസ്വം ബോർഡും ഉദ്യോഗസ്ഥരും. 60 ദിവസങ്ങൾ നീണ്ടുനിന്ന തീർഥാടനകാലത്ത് 53 ലക്ഷത്തോളം തീർഥാടകരാണ് മല ചവിട്ടിയത്. മുൻവർഷത്തെ അപേക്ഷിച്ച് പത്തുലക്ഷത്തിലധികം പേർ കൂടുതലായെത്തി.

പരാതിക്കൾക്ക് ഇടയുണ്ടാകാതെ ലക്ഷക്കണക്കിന് തീർഥാടകർക്ക് സുഗമമായ ദർശനം സാധ്യമാക്കാൻ കഴിഞ്ഞതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി.എസ്. പ്രശാന്ത് പറഞ്ഞു. വിവിധ സർക്കാർ വകുപ്പുകൾ, ദേവസ്വം ബോർഡ്, സന്നദ്ധ, സാമുദായിക, രാഷ്ട്രീയ സംഘടനകൾ തുടങ്ങിയവയുടെ കൂട്ടായ പ്രവർത്തനം ഉണ്ടായതായും പ്രസിഡൻറ് പറഞ്ഞു.

തീർഥാടനത്തിൻറെ പ്രധാന ദിവസങ്ങളിലെല്ലാം മന്ത്രി വി.എൻ. വാസവൻ ശബരിമലയിലെത്തി ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. വാഹന പാർക്കിംഗ്, തീർഥാടകർക്ക് നിൽക്കുന്നതിനും വിരിവയ്ക്കുന്നതിനുമുള്ള പന്തലുകൾ, അന്നദാനം, കുടിവെള്ളം, പ്രസാദ വിതരണം, ഗതാഗതം തുടങ്ങി എല്ലാ മേഖലകളിലും മികച്ച ഇടപെടലുകൾ ഉണ്ടായെന്നും പ്രസിഡൻറ് പറഞ്ഞു.

നിലയ്ക്കലും എരുമേലിയിലും അധികമായി പാർക്കിംഗ് കേന്ദ്രങ്ങൾ സജ്ജമാക്കി. ദേവസ്വം ബോർഡിൻറെ നേതൃത്വത്തിൽ 25 ലക്ഷത്തിലധികം ഭക്തർക്ക് ഭക്ഷണം നൽകി. തീർഥാടനകാലം ആരംഭത്തിൽ 40 ലക്ഷത്തോളം അരവണ കരുതൽ ശേഖരം ഉണ്ടായിരുന്നു. അടിസ്ഥാനസൗകര്യങ്ങൾ കൃത്യമായി ഒരുക്കിയത് തീർഥാടനകാലം മനോഹരമാക്കി.ഇരുമുടിക്കെട്ടിൽ പ്ലാസ്റ്റിക് ഒഴിവാക്കണമെന്ന തന്ത്രിയുടെ നിർദേശം പ്രയോജനപ്പെട്ടു. വസ്ത്രങ്ങൾ പമ്പയിൽ ഉപേക്ഷിക്കുന്നതിലും കുറവ് വന്നു.

പോലിസിൻറെ കൃത്യവും ശാസ്ത്രീയമായുമുള്ള ഇടപെടലിലൂടെ ഭക്തജനത്തിരക്ക് കാര്യക്ഷമമായി നിയന്ത്രിച്ചു. പതിനെട്ടാം പടിയിലെ പോലിസുകാരുടെ പ്രവർത്തനസമയം 15 മിനിറ്റാക്കി കുറച്ചതിലൂടെ ഒരു മിനിറ്റിൽ 85 തീർഥാടകരെവരെ കയറ്റിവിടാനായി. മുന്പ് 70 പേരെയാണ് കയറ്റിവിട്ടിരുന്നത്. ഇത് തിരക്ക് വർധിപ്പിക്കാൻ കാരണമായി.

സോപാനത്തിന് മുമ്പിലുള്ള ദർശനക്രമീകരണവും ഫലപ്രദമായിരുന്നു. തീർഥാടകരോടുള്ള പോലീസിൻറെ പെരുമാറ്റവും കുട്ടികൾക്കും വയോധികർക്കും ദർശനസൗകര്യം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളും ശ്രദ്ധേയമായി. പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ സ്പെഷൽ ഓഫീസർ പദവിയിൽ നിയമിച്ചതും എഡിജിപി എസ്. ശ്രീജിത്തിൻറെ ഏകോപനവും ക്രമീകരണങ്ങൾ കുറ്റമറ്റതാക്കി. നിലയ്ക്കലിലെ പാർക്കിംഗ് ക്രമീകരണങ്ങളിലും പോലീസിനു പരാതികൾ ഒഴിവാക്കാനായി. ജില്ലാ പോലീസ് മേധാവി വി.ജി. വിനോദ്കുമാർ നടത്തിയ ഇടപെടലുകൾ പുറത്തുള്ള മേഖലകളിലെ സുരക്ഷയ്ക്കും സഹായകരമായി.

തീർഥാടനകാല ക്രമീകരങ്ങളുടെ മുന്നൊരുക്കം മുതൽ സമയബന്ധിതവും കൃത്യവുമായ ഇടപെടലുകൾ ജില്ലാ ഭരണകൂടവും നടത്തി. കളക്ടർ എസ്. പ്രേംകൃഷ്ണൻറെ നേതൃത്വത്തിൽ വിവിധ യോഗങ്ങൾ വിളിച്ചുകൂട്ടി ഉദ്യോഗസ്ഥരുടെ ഏകോപനം ഉറപ്പാക്കി. യാത്ര, ഭക്ഷണം, സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തി. ആവശ്യമായ മുന്നൊരുക്കങ്ങൾ നേരത്തെ തന്നെ ഉറപ്പാക്കാനായത് നേട്ടമായി. മുൻകൊല്ലങ്ങളിലുണ്ടായ പ്രശ്നങ്ങൾ മനസിലാക്കിയാണ് ഇടപെടലുകളുണ്ടായത്. ശ്രദ്ധ ആവശ്യമുള്ള ഇടങ്ങളിലെല്ലാം ജില്ലാ കളക്ടർ തന്നെ നേരിട്ടെത്തി ഇടപെടലുകൾ നടത്തി. സമയോചിതമായ ഇടപെടലുകൾ പ്രശ്നങ്ങൾ ഒഴിവാക്കാൻ സഹായകരമായി. സുരക്ഷിതവും ന്യായവിലയ്ക്കുള്ളതുമായ ഭക്ഷണത്തിൻറെ ലഭ്യത ഉറപ്പാക്കാനും പരിശോധനകൾ കർശനമാക്കാനും കഴിഞ്ഞു.

## കിഴക്കമ്പലം സെൻ്റ് ആൻ്റണീസ് ഫെറോന പള്ളി ത്രിശതാബ്ദിക്ക് തുടക്കം കുറിച്ചു

**കിഴക്കമ്പലം :** കിഴക്കമ്പലം സെൻ്റ് ആൻ്റ് ണീസ് ഫെറോന പള്ളി ത്രിശതാബ്ദിക്ക് തുടക്കം കുറിച്ചു. കിഴക്കമ്പലം സെൻ്റ് ആൻ്റണീസ് ഫൊറോന പള്ളി സ്ഥാപിതമായിട്ട് 300 വർഷം പിന്നിട്ടുന്നതിൻ്റെ ഭാഗമായി ത്രിശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിൻ്റെ ഭാഗമായി 19ന് ഞായർ ഉച്ചകഴിഞ്ഞ് ഇവിടെത്തെ മാതൃ ദേവാലയമായ മോറ ക്കാല വി. മർത്താമറിയം കത്തീഡ്രൽ പള്ളിയിൽ നിന്നും ഇവക വികാരി റവ ഫാ. ഫ്രാൻസിസ് അരീക്കലിൻ്റെ നേതൃത്വത്തിൽ റവ. ഡോസി പി വർഗ്ഗീസ് അച്ചനും കോർ എപ്പിസ്കോപ്പ ഇ.സി വർഗ്ഗീസ് അച്ചനും സഹ വൈദീകരും കമ്മിറ്റി അംഗങ്ങളും ചേർന്ന് തെളിയിച്ച ദീപശിഖ ഇരു ചക്ര വാഹനങ്ങളുടെയും വൻ ജനാവലിയുടെയും അകമ്പടിയോടെ കെ.സി.വൈ.സി എം പ്രസിഇടവക സമൂഹവും ജോർജ് കോയിക്കര അച്ചനും ചേർന്ന്



പള്ളിയങ്കണത്തിൽ സ്വീകരിച്ചു. ദീപശിഖ പ്രയാണത്തിൽ സഹവികാരി എബിൾ പുതുശ്ശേരി റസിഡൻ്റ് പ്രീസ്റ്റ് ജോൺ തേക്കേ വല്യാറഫാ അലൻ കാളിയങ്കര ഫാ. ജോസഫ് വെബില്ലി കൈക്കാരൻമാർ എന്നിവർ ചേർന്ന് നേതൃത്വം നൽകി .തുടർന്ന് അൾത്താരയിലെ ജൂബിലി തിരിയിലേയ്ക്ക് ദീപം പകർന്നു തുടർന്ന് ഫാ. ജോയി കിളിക്കുന്നേൽ അച്ചൻ്റെ നേതൃത്വത്തിൽ ദിവ്യബലി അർപ്പിച്ചു ഫാ അലൻ കാളിയങ്കര വചന സന്ദേശം നൽകി ഫാ. ജോസ് കോയിക്കര ഫാ ജോസഫ് വെമ്പിള്ളി എന്നിവർ സഹകാർമ്മികരായി ഫെറോന യുടെ കീഴിലുള്ള വിവിധ ദേവാലയങ്ങളിലെ വൈദീകരും സന്യസ്ഥരുടെയും കമ്മിറ്റി അംഗങ്ങളുടെയും പൊതുജനങ്ങളുടെയും സാനിദ്ധ്യം ചടങ്ങിനെ പാവനമാക്കി വിശുദ്ധ ബലി തർപ്പണത്തോടെ ശതാബ്ദി ജൂബിലിയ്ക്ക് തുടക്കം ക്കുറിച്ചു. കൈക്കാരൻമാരായ ലിജോജോസ് ജോയ് ജോർജ് വൈസ്ചെയർമാൻ ലിറ്റോ ബേബി പാത്തികുളങ്ങര കെ. സി . വൈ.എം. പ്രസിബിബിൻ കൊടിയൻ എം. ഫ് സി കോൺവെൻ്റ് സിസ്റ്റേഴ്സ് പാരീഷ് കൗൺസിൽ അംഗങ്ങൾ. കുടുബ യൂണിറ്റ് ഭാരവാഹികൾ വേദപാഠപരിശീലകർ അദ്ധ്യാപകർ ഭക്തസംഘടന ഭാരവാഹികൾ എന്നിവർ ചടങ്ങിന് നേതൃത്വം നൽകി.

# കേരള ഓർത്തോപീഡിക് അസോസിയേഷൻ വാർഷിക സമ്മേളനം തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** കേരള ഓർത്തോപീഡിക് അസോസിയേഷന്റെ 44ാമത് വാർഷിക സമ്മേളനം 24 മുതൽ 26 വരെ ട്രിവാൻഡ്രം ഓർത്തോപീഡിക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം അൽ സാജ് ഇന്റർനാഷനൽ കൺവെൻഷൻ സെന്ററിൽ നടക്കും. 'ഓർത്തോപീഡിക്സിലെ അണുബാധകൾ: നിലവിലെ ആശയങ്ങൾ' എന്ന വിഷയത്തിൽ, രാജ്യത്തുടനീളമുള്ള ഓർത്തോപീഡിക് വിദഗ്ധരെ ഉൾപ്പെടുത്തിയാണ് പരിപാടി.




ശസ്ത്രക്രിയ ചെയ്ത ഭാഗത്തെ അണുബാധകൾ, പ്രോസ്തെറ്റിക് ജോയിന്റ് അണുബാധകൾ, നട്ടെല്ല് അണുബാധകൾ, പീഡിയാട്രിക് അണുബാധകൾ എന്നിവയെക്കുറിച്ചുള്ള സെഷനുകൾ ഉൾക്കൊള്ളുന്ന ഒരു തുടർ പഠന പരിപാടിയോടെ ജനുവരി 24 ന് ആരംഭിക്കും. വൈകീട്ട് 5.30ന് ഔദ്യോഗിക ഉദ്ഘാടനം. ട്രോമ, ആർത്രോപ്ലാസ്റ്റി, അസ്ഥി സംബന്ധമായ അർബുദം എന്നിവ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന വിഷയങ്ങളെ പറ്റിയുള്ള സെഷനുകൾ ജനുവരി 2526 തീയതികളിൽ നടക്കും.

അറിവ് പങ്കിടുന്നതിനും ഓർത്തോപീഡിക് പരിചരണം മെച്ചപ്പെടുത്തുന്നതും ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഓർഗനൈസിങ് ചെയർമാൻ ഡോ. എസ്. ബിനോയ്, ഓർഗനൈസിങ് സെക്രട്ടറി ഡോ. കൈസർ എന്നിസ്, ഡോ. ഷിബു ജോൺ (ഓർഗനൈസിംഗ് കോ ചെയർമാൻ), ഡോ. സതീഷ് (ഓർത്തോപീഡിക് അസോസിയേഷൻ പ്രസിഡന്റ്, തിരുവനന്തപുരം), ഡോ. അജിത് കുമാർ വി. എസ്. (ഓർഗനൈസിങ് ട്രഷറർ), ഡോ.ഇ.കെ.ഷാനവാസ് (ഓർഗനൈസിങ് ട്രേഡ്) എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# എറണാകുളം ശിവക്ഷേത്ര ഉത്സവത്തിൽ ഹരിതചട്ടപാലനം ഉറപ്പാക്കും കളക്ടർ

**കൊച്ചി:** എറണാകുളം ശിവക്ഷേത്രത്തിലെ ഉത്സവാഘോഷത്തിൽ ഹരിതചട്ടപാലനം കർശനമായി നടപ്പാക്കാ9 ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിൻറെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. ഫെബ്രുവരി രണ്ട് മുതൽ ഒ9പത് വരെയാണ് കൊച്ചി9 ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രത്തിലെ ഉത്സവം.

ക്ഷേത്രത്തിലും പരിസരത്തും മാലിന്യങ്ങൾ വലിച്ചെറിയാതെ നിശ്ചിത സ്ഥലത്ത് ഇടുന്നതിനായി ബിന്നുകൾ സ്ഥാപിക്കും. വ്യാപാര സ്ഥാപനങ്ങളിൽ ഡിസ്പോസബിൾ ഗ്ലാസ്, പ്ലേറ്റ്, നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ എന്നിവ ഉപയോഗിക്കാനും വിതരണം ചെയ്യാനും അനുവദിക്കില്ല. ഇക്കാര്യത്തിൽ വ്യാപാര സമൂഹത്തിൻറെ സഹകരണം ഉറപ്പാക്കണമെന്ന് കളക്ടേ!ർ നിർദേശിച്ചു.

ഹരിതചട്ടപാലനം സംബന്ധിച്ച ബോധവൽക്കരണത്തിനും ചട്ടം നടപ്പാക്കുന്നതിനുമായി സ്ക്വാഡുകളെ നിയോഗിക്കും. ഇതു സംബന്ധിച്ച് നോട്ടീസുകൾ വിതരണം ചെയ്യും. ബാനറുകളും പ്ലക്കാ!ഡുകളും ഉത്സവ നഗരിയിൽ വിവിധ ഭാഗങ്ങളിലായി സ്ഥാപിക്കും. ഉത്സവത്തോടനുബന്ധിച്ചുള്ള ഊട്ടുപുരയിൽ ഭക്ഷണവിതരണത്തിനായി സ്റ്റീൽ പ്ലേറ്റുകളും സ്റ്റീൽ ഗ്ലാസുകളും ഉറപ്പാക്കണം. കൊച്ചി കോർപ്പറേഷൻ, ഹരിതകേരള മിഷൻ, കുടുംബശ്രീ, ശുചിത്വ മിഷൻ എന്നിവയെ ഏകോപിപ്പിച്ചാണ് ചട്ടപാലനം നടപ്പാക്കേണ്ടതെന്നും കളക്ടർ പറഞ്ഞു.

സുരക്ഷയുടെ ഭാഗമായി എഴുന്നള്ളിപ്പ് സമയത്ത് ആനകൾ തമ്മിൽ സുരക്ഷിതമായ അകലം പാലിക്കണം. ആനകളിൽ നിന്നും നിശ്ചിതദൂരം പാലിച്ച് ആളുകൾ നിൽക്കുന്നതും സഞ്ചരിക്കുന്നതും ഉറപ്പാക്കണം. പറയെടുപ്പിനുള്ള വഴിയിൽ അപകടകരമായ മരച്ചില്ലകൾ മുറിച്ചു നീക്കണം. ഗതാഗത നിയന്ത്രണത്തിനും തിരക്ക് നിയന്ത്രിക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ, ക്ഷേത്രത്തിനകത്ത് വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ വിന്യാസം, ശുദ്ധജല ലഭ്യത എന്നിവയും പ്രത്യേകം ശ്രദ്ധിക്കണമെന്ന് കളക്ടർ പറഞ്ഞു.

വാർഡ് കൗൺസിലർ പത്മജ എസ് മേനോൻ,കൊച്ചി ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മിഷണർ എം ജി യാഹുൽ ദാസ്, ദേവസ്വം ഓഫീസർ അഖിൽ ദാമോദരൻ, ഉത്സവം ആഘോഷ കമ്മിറ്റി അംഗങ്ങളായ ആർ രാമകൃഷ്ണൻ, ജി ഹരികുമാർ, കോർപറേഷൻ, കെ എസ് ഇ ബി, ആരോഗ്യ വകുപ്പ്, പോലീസ്, എക്സൈസ്, ഭക്ഷ്യ വകുപ്പ്, ജില്ലാ ശുചിത്വ മിഷൻ, വാട്ടർ അതോറിറ്റി, ഫയർ ഫോഴ്സ്, ജില്ലാ ഹരിത മിഷൻ തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

# സംസ്ഥാനത്തെ മ്യൂസിയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലാക്കും: മന്ത്രി

**കൊച്ചി:** സംസ്ഥാനത്തെ മ്യൂസിയങ്ങൾ അന്താരാഷ്ട്രനിലവാരത്തിലേക്കുയർത്താൻ സർക്കാർ നടപടികൾ സ്വീകരിച്ചു വരുകയാണെന്നു സംസ്ഥാന പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ അറിയിച്ചു.

തൃപ്പൂണിത്തുറ ഹിൽ പാലസിൽ സന്ദർശനത്തിനു ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

നമ്മുടെ ചരിത്രവും സംസ്കാരവും മറ്റുള്ളവരിലേക്കു കൂടുതൽ പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ മ്യൂസിയങ്ങളിലേക്കു വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള പദ്ധതികളാണു നടപ്പാക്കുന്നത്. കാഴ്ചക്കാർക്കു അറിവും അനുഭൂതിയും പകരുന്ന വിധത്തിൽ കഥ പറയുന്ന മ്യൂസിയങ്ങളാണ് ഉദ്ദേശിക്കുന്നത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്തുതന്നെ ഇതിനു തുടക്കമിട്ടിരുന്നു. അതനുസരിച്ചു സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ ഇത്തരം മ്യൂസിയങ്ങൾ സ്ഥാപിച്ചു വരുന്നു. കോട്ടയത്തെ അക്ഷര മ്യൂസിയം ഇതിന് ഉദാഹരണമായി മന്ത്രി പറഞ്ഞു.

ഉത്തര മലബാറിലെ അനുഷ്ഠാന കലയായ തെയ്യത്തിനു വേണ്ടിയും മ്യൂസിയം രൂപപ്പെടുത്തി വരുന്നു. സംസ്ഥാനത്തെ മ്യൂസിയങ്ങളുടെ സ്ഥിതി അവലോകനം ചെയ്യുന്നതിനും പുത്തൻ മ്യൂസിയം നയം ആവിഷ്കരിക്കുന്നതിനുമായി ഒരു അഡീ. ചീഫ് സെക്രട്ടറി അധ്യക്ഷനായ കമ്മിഷന് രൂപം നൽകിയിരുന്നു. അന്താരാഷ്ട്രആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള മാറ്റങ്ങളാണു മ്യൂസിയങ്ങളിൽ ലക്ഷ്യമിടുന്നത്.

പുരാവസ്തു വകുപ്പിനു കീഴിലെ ഏറ്റവും പ്രധാനപ്പെട്ട മ്യൂസിയമാണ് തൃപ്പൂണിത്തുറ ഹിൽ പാലസ്. വാഹന പാർക്കിംഗ് ഉൾപ്പെടെ പ്രശ്നങ്ങൾ ഇവിടെ ഉണ്ട്. ഇതിനു പരിഹാരമായി 150 വാഹനങ്ങൾക്ക് ഒരേ സമയം പാർക്ക് ചെയ്യാൻ കഴിയുന്ന സംവിധാനം ഈ സാമ്പത്തിക വർഷം അവസാനം പൂർത്തിയാകുമെന്നു മന്ത്രി അറിയിച്ചു.

മാലിന്യ മുക്തം കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഹിൽ പാലസിനെ ഹരിത വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്.

മ്യൂസിയങ്ങളുടെ ഇത്തരം വിഷയങ്ങൾ പ്രത്യേക നോഡൽ ഏജൻസിയുടെ കീഴിലാണു കൈകാര്യം ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. അനൂപ് ജേക്കബ് എംഎൽഎ, പുരാവസ്തു ഡയറക്ടർ ഇ ദിനേശൻ , ഹിൽ പാലസ് ചാർജ് ഓഫീസർ കെ വി ശ്രീനാഥ് എന്നിവരും പങ്കെടുത്തു.

# ഗുരുദേവ മ്യൂസിയം ഒരുക്കും

**കൊല്ലം:** കേരള സർക്കാർ കൊല്ലത്ത് നിർമ്മിച്ച ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ ഗുരുദേവ മ്യൂസിയം ഒരുക്കും. ശ്രീനാരായണ ഗുരുവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പഴയ പ്രസിദ്ധീകരണങ്ങൾ, അപൂർവ വസ്തുക്കൾ (അവയുടെ ഫോട്ടോ), പ്രമാണ രേഖകൾ, ഗുരു വിശ്രമിക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ച വിവരം, ഗുരു പ്രതിഷ്ഠിച്ച അമ്പലങ്ങളുടെ വിവരം തുടങ്ങി ഇത്തരം ഒരു മ്യൂസിയത്തിൽ പ്രദർശിപ്പിക്കുവാൻ കഴിയുന്ന വസ്തുക്കളും വിവരങ്ങളും ശേഖരിക്കുവാൻ സർക്കാർ തീരുമാനിച്ചു. ഗുരുവുമായി ബന്ധപ്പെട്ട രേഖകൾ, അപൂർവ വസ്തുക്കൾ തുടങ്ങിയവയെപ്പറ്റി വിവരം ലഭിക്കുന്നവർ ചെമ്പഴന്തിയിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ അന്തർദേശീയ പഠന തീർഥാടന കേന്ദ്രം ഡയറക്ടറെ അറിയിക്കേണ്ടതാണ്. ഫോൺ: 9995568505, snisccchempazhanthi@gmail.com.

# സ്കോളർഷിപ്പിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** സർക്കാർ / യൂണിവേഴ്സിറ്റി സ്ഥാപനങ്ങളിൽ നിന്നും സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) ജനസംഖ്യാനുപാതികമായി 202425 സാമ്പത്തിക വർഷം കോഴ്സ് ഫീസ് (ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 20,000 രൂപ വീതവും), ഹോസ്റ്റൽ ഫീസ് (ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 10,000 രൂപ വീതവും) ഇനത്തിൽ ചെലവാകുന്ന തുക തിരികെ നൽകുന്ന സിവിൽ സർവ്വീസ് ഫീ റീ ഇംമ്പേഴ്സ്മെന്റ് സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയിലും അതിന്റെ ഉപകേന്ദ്രങ്ങളിലും, ഇൻസ്റ്റിട്യൂട്ട് ഓഫ് കരിയർ റിസർച്ച് പൊന്നാനി, യൂണിവേഴ്സിറ്റികൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിക്കാം.

വിദ്യാർഥി പഠിക്കുന്ന സ്ഥാപനം നേരിട്ടു നടത്തുന്ന ഹോസ്റ്റലുകളിലും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ നിന്ന് പഠിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിന് അപേക്ഷിക്കാം. കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ജനസംഖ്യാനുപാതികമായാണ് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ കവിയരുത്. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് മുൻഗണന നൽകും. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക് / ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minortiywelfare.kerala.gov.in എന്ന വെബ്സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ അപ്ലോഡ് ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും നിശ്ചിത തീയതിക്കുള്ളിൽ സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 10. കൂടുതൽ വിവരങ്ങൾക്ക് 0471 2300524, 2302090 എന്ന നമ്പറുകളിൽ ബന്ധപ്പെടാം.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയിലൂടെ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎൽഡിസി) യിൽ ഗ്രാജുവേറ്റ് ഇന്റേൺ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് അപേക്ഷിക്കാം. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായാണ് അവസരങ്ങളുള്ളത്. 2025 ജനുവരി 25 ന് വൈകുന്നേരം അഞ്ചു മണിക്ക് മുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും https://connect.asapkerala.gov.in/events/14339 എന്ന ലിങ്ക് സന്ദർശിക്കുക. അപേക്ഷ ഫീസ് 500 രൂപ.

## കൗൺസിലർമാരെ നിയമിക്കുന്നു

**തിരുവനന്തപുരം:** ഫിഷറീസ് വകുപ്പിന്റെ പദ്ധതിപ്രകാരം ഗവ. ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ പഠിക്കുന്ന, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കൗൺസിലിംഗ് സേവനം നൽകാനായി അഞ്ചു കൗൺസിലർമാരെ താൽക്കാലികമായി നിയമിക്കുന്നു. അധ്യയന കാലത്ത് സ്കൂളിലും ഒഴിവുസമയത്ത് ഓൺലൈൻ/ഭവന സന്ദർശനം/സ്കൂൾ ക്യാമ്പുകൾ എന്നിവ മുഖേനയും കൃത്യമായ മാർഗരേഖയിലൂടെ കട്ടികളുടെ സമഗ്ര വ്യക്തിത്വ വികസനം ലക്ഷ്യമാക്കി വർഷം മുഴുവൻ പ്രവർത്തിക്കാൻ താല്പര്യമുള്ള, യോഗ്യതയുള്ളവരെയാണ് വേണ്ടത്. മാസം 27000 രൂപയാണ് വേതനം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 27. പരീക്ഷ/സ്ക്രീൻ ടെസ്റ്റ്/അഭിമുഖം, അസൽ സാക്ഷ്യപത്രങ്ങളുടെ പരിശോധന എന്നിവ തിരുവനന്തപുരത്തെ ഫീഷറീസ് ആസ്ഥാന ഓഫീസിൽ നടത്തും. പ്രായം 25 നും 45 നും ഇടയിൽ. യോഗ്യത: മനഃശാസ്ത്രം/കൗൺസിലിംഗിൽ പിജി അല്ലെങ്കിൽ ക്ലിനിക്കൽ സൈക്കോളജി അല്ലെങ്കിൽ എംഎസ്ഡബ്ല്യൂ, സർക്കാർ മേഖലയിൽ കൗൺസിലിംഗ് നടത്തിയിട്ടുള്ള മൂന്ന് വർഷത്തെ പ്രവർത്തി പരിചയം, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക്/മേഖലയിൽ നിന്നുള്ളവർക്ക് മുൻഗണന. വിവരങ്ങൾക്ക് ഫോൺ: 04712305042.

# ശബരിമല തീർത്ഥാടനം: സ്ട്രോക്ക് ബാധിച്ച 2 പേർക്ക് തുണയായി ആരോഗ്യ വകുപ്പ്

**തിരുവനന്തപുരം:** ഗുരുതരമായി സ്ട്രോക്ക് ബാധിച്ച രണ്ട് പേർക്ക് വിദഗ്ധ ചികിത്സ നൽകി ജീവിതത്തിലേക്ക് മടക്കിക്കൊണ്ട് വന്ന് പത്തനംതിട്ട ജനറൽ ആശുപത്രി. ശബരിമല തീർത്ഥാടകയായ എറണാകുളം കുമ്പളങ്ങി സ്വദേശിനിയ്ക്കും (68), ശബരിമലയിൽ കോൺട്രാക്ട് വർക്കറായ എരുമേലി സ്വദേശിയ്ക്കുമാണ് (58) സ്ട്രോക്ക് ബാധിച്ചത്. ഒരു വശം തളർന്ന് സംസാര ശേഷി ഭാഗീകമായി നഷ്ടപ്പെട്ടാണ് ഇവരെ പത്തനംതിട്ട ജനറൽ ആശുപത്രിയിലെത്തിച്ചത്. പരിശോധനയിൽ സ്ട്രോക്ക് ആണെന്ന് സ്ഥിരീകരിച്ചതിനെ തുടർന്ന് ഉടനടി ത്രോമ്പോലൈസിസ് ചികിത്സ നൽകി. കുമ്പളങ്ങി സ്വദേശിനിയെ നവംബർ മാസത്തിലാണ് ചികിത്സ നൽകി ഭേദമാക്കിയത്. മകരവിളക്കിനോടനുബന്ധിച്ച് ജനുവരി 14ന് ആശുപത്രിയിലെത്തിച്ച എരുമേലി സ്വദേശി ചികിത്സയ്ക്ക് ശേഷം കഴിഞ്ഞ ദിവസം ആശുപത്രി വിട്ടു. ചികിത്സയ്ക്ക് നേതൃത്വം നൽകിയ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

സമയബന്ധിതമായി ഫലപ്രദമായ ചികിത്സ നൽകാനായത് കൊണ്ടാണ് ശരീരം തളർന്ന് പോകാതെ ഇവരെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാനായത്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പക്ഷാഘാത നിയന്ത്രണ പദ്ധതിയായ ശിരസ് വഴി സൗജന്യ ചികിത്സയാണ് ഇവർക്ക് നൽകിയത്. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 152 പേർക്കാണ് ഇതുവരെ സ്ട്രോക്കിനുള്ള ത്രോമ്പോലൈസിസ് ചികിത്സ നൽകിയിട്ടുള്ളത്.

സ്ട്രോക്ക് ബാധിച്ചാൽ ആദ്യത്തെ മണിക്കൂറുകൾ വളരെ നിർണായകമാണ്. വായ് കോട്ടം, കൈയ്ക്കോ കാലിനോ തളർച്ച, സംസാരത്തിന് കുഴച്ചിൽ എന്നീ ലക്ഷണങ്ങൾ ഒരുമിൽ കണ്ടാൽ സ്ട്രോക്ക് ആണെന്ന് സ്ഥിരീകരിക്കാം.

സ്ട്രോക്കിന്റെ ലക്ഷണങ്ങളാരംഭിച്ച് കഴിഞ്ഞാൽ നാലര മണിക്കൂറിനുള്ളിൽ ചികിത്സ നൽകിയെങ്കിൽ മാത്രമേ അതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ. അല്ലെങ്കിൽ ശരീരം തളരുകയോ മരണംവരെ സംഭവിക്കുകയോ ചെയ്യാം. ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ടാണ് സംസ്ഥാന സർക്കാർ ശിരസ് പദ്ധതി ആരംഭിച്ചതും മെഡിക്കൽ കോളേജുകൾക്ക് പുറമേ എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ സ്ട്രോക്ക് യൂണിറ്റ് സ്ഥാപിച്ചു വരുന്നതും. ഇനി രണ്ട് ജില്ലകളിൽ മാത്രമാണ് സ്ട്രോക്ക് യൂണിറ്റ് പൂർത്തായാകാനുള്ളത്.

# കെ.എ.എച്ച്.എസ്. ടി. എ: ഭാരവാഹികളെ തിരഞ്ഞെടുത്തു




കെ. സിജുവി, എസ്. അജിത്കുമാർ

**കൊച്ചി :** കേരള എയിഡഡ് ഹയർ സെക്കന്ററി ടീച്ചേഴ്സ് അസോസിയേഷൻ (കെ.എ.എച്ച്.എസ്. ടി. എ ) സംസ്ഥാന പ്രസിഡന്റായി കെ. സിജുവിനെയും ജനറൽ സെക്രട്ടറിയായി എസ്. അജിത് കുമാറിനെയും തിരഞ്ഞെടുത്തു.ടോമി ജോർജ് പി, ഡോ. ജോർജ് ടി അബ്രഹാം, സുനിൽ. വി.എസ് ,അഖിലേഷ് പി , ജാക്സൻ എൻ.പി (വൈസ് പ്രസിഡണ്ടുമാർ),ജോസുകുട്ടി.ഇ. പി , ഷൈജു പി.സി, ദിനേശൻ പി.കെ, ലിവിൻ പോൾ വി അറക്കൽ, രാജേഷ്. കെ.എസ് (സെക്രട്ടറിമാർ) കെ.കെ ശ്രീജേഷ് കുമാർ, ആബേൽ. എം, ശ്രീഹരി. ബി, കെ. സമീർ (ഓർഗസൈസിംഗ് സെക്രട്ടറിമാർ ) സ്മിജു ജേക്കബ് ( ട്രഷറർ) അക്കാദമിക് കൗൺസിൽ മനോജൻ എ(ചെയർമാൻ)ഷിനിൽ പി.പി (കൺവീനർ) സാജൻ വി.പി (ജോ. കൺവീനർ) പ്രിൻസിപ്പൽ ഫോറം ഡോ.ആബിദ പുതുശ്ശേരി (ചെയർപേഴ്സൺ) ദീപക് സി.ഇ (കൺവീനർ ) ഫാത്തിമ ഹന്ന ഹാഗർ (ജോ. കൺവീനർ )വനിതാ ഫോറം ലിറ്റി ഡൊമിനിക് (ചെയർപേഴ്സൺ) ബീന കെ (കൺവീനർ) എന്നിവരാണ് മറ്റു ഭാരവാഹികൾ.

# ആദ്യ ദേശീയ ആയുഷ് സാമ്പിൾ സർവേയിൽ കേരളത്തിന് ചരിത്ര നേട്ടം

**തിരുവനന്തപുരം:** നാഷണൽ സാമ്പിൾ സർവേയുടെ ഭാഗമായി ആയുഷ് മേഖല സംബന്ധിച്ച് നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് ജൂലൈ 2022 മുതൽ ജൂൺ 2023 വരെ നടത്തിയ ദേശീയ ആയുഷ് സാമ്പിൾ സർവേയിൽ കേരളത്തിന് മുൻതൂക്കം. ആയുർവേദം, ഹോമിയോപതി, യോഗ, പ്രകൃതി ചികിത്സ, സിദ്ധ, യുനാനി എന്നിവ ഉൾപ്പെടുന്ന ആയുഷ് ആരോഗ്യ ശാഖകളെ സംബന്ധിച്ചാണ് ആദ്യമായി അഖിലേന്ത്യാ സർവേ നടത്തിയത്. ഇന്ത്യയിലെ ഗ്രാമ പ്രദേശങ്ങളേയും നഗര പ്രദേശങ്ങളേയും ഉൾക്കൊള്ളിച്ച് കൊണ്ടായിരുന്നു സർവേ. രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കും പ്രസവാനന്തര ശുശ്രൂഷയ്ക്കും ഗർഭിണികളുടെ പരിചരണത്തിനും മറ്റുമുള്ള ആയുഷ് ചികിത്സാരീതികളുടെ ഉപയോഗം, ഗൃഹ ഔഷധങ്ങൾ, ഔഷധ സസ്യങ്ങൾ, ആയുഷ് പാരമ്പര്യ അറിവുകൾ എന്നിവയെപ്പറ്റിയും സർവേയിൽ വിശകലനം ചെയ്തു.

സംസ്ഥാന ആയുഷ് വകുപ്പ് ആയുഷ് മേഖലയിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ദേശീയ ആയുഷ് സാമ്പിൾ സർവേ ഫലം കാണിക്കുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആയുഷ് മേഖലയിലെ ബജറ്റ് വിഹിതത്തിൽ മുൻകാലങ്ങളെക്കാളും മൂന്നിരട്ടിയോളം വർധനവാണ് ഈ സർക്കാരിന്റെ കാലത്ത് വരുത്തിയിട്ടുള്ളത്. കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആയുർവേദ ഹോമിയോ സ്ഥാപനങ്ങൾ നിലവിൽ വന്നുകഴിഞ്ഞു.

700ഓളം ആയുഷ് ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്. ആയുഷ് സ്ഥാപനങ്ങളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തി. കോവിഡ് സമയത്ത് ജനങ്ങൾ രോഗ പ്രതിരോധത്തിന് ആയുഷ് ചികിത്സാ ശാഖകളെ ധാരാളമായി ആശ്രയിച്ചു. മികച്ച സൗകര്യങ്ങളാലും ഗുണമേന്മയുള്ള ചികിത്സയാലും ആയുഷ് മേഖലയിൽ ചികിത്സ തേടുന്നവരുടെ എണ്ണം വർധിച്ചിട്ടുണ്ട്. ഇത് കൂടാതെ വിവിധ മാധ്യമങ്ങൾ വഴി ശക്തമായ അവബോധമാണ് ആയുഷ് മേഖലയിൽ നടത്തിവരുന്നത്. ഇതെല്ലാമാണ് ദേശീയ ശരാശരിയേക്കാളും ഉയർന്ന തോതിൽ ആയുഷ് ചികിത്സാരീതികൾ, ഔഷധസസ്യങ്ങൾ, രോഗപ്രതിരോധം തുടങ്ങിയ കാര്യങ്ങളിൽ കേരളം മുന്നിലെത്താൻ കാരണമെന്നും മന്ത്രി വ്യക്തമാക്കി.

ആയുഷ് ശാഖകളെ പറ്റിയുള്ള അവബോധത്തിലും ഉപയോഗത്തിലും ദേശീയ ശരാശരിയേക്കാൾ വളരെ മുന്നിലാണ് കേരളം. സർവേ പ്രകാരം ആയുഷ് ആരോഗ്യ ശാഖകളെ പറ്റിയുള്ള അവബോധം കേരളത്തിലെ നഗര മേഖലകളിൽ 99.3 ശതമാനവും ഗ്രാമീണ മേഖലകളിൽ 98.43 ശതമാനവും ആണ്. കേരളത്തിലെ ആയുഷ് മേഖലയെപ്പറ്റി സമഗ്രവും ആഴത്തിലുള്ളതുമായ വിവരങ്ങളാണ് ദേശീയ സാമ്പിൾ സർവ്വേ വഴി ലഭിച്ചിട്ടുള്ളത്. 98 ശതമാനം ആൾക്കാരിലും ആയുഷ് ശാഖകളെ കുറിച്ച് വ്യക്തമായ അറിവുണ്ട്. നഗര, ഗ്രാമീണ മേഖലകളിൽ 52 ശതമാനം ആളുകൾ ചികിത്സ ആവശ്യങ്ങൾക്കായി ആയുഷ് ശാഖകളെ ആശ്രയിക്കുന്നു. ഗ്രാമ പ്രദേശങ്ങളിലുള്ള 38.64 ശതമാനം പേരും നഗര പ്രദേശങ്ങളിലുള്ള 31.98 ശതമാനം പേരും ആയുർവേദ ശാഖ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഔഷധ സസ്യങ്ങൾ ആരോഗ്യ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനെപ്പറ്റി 99 ശതമാനം വീട്ടുകാർക്കും കൃത്യമായിട്ടുള്ള അവബോധമുണ്ട്.

ആയുഷ് ചികിത്സയ്ക്കായി സംസ്ഥാന സർക്കാർ ഓരോ വ്യക്തിയ്ക്കും ചെലവാക്കുന്ന തുക ഗ്രാമീണ മേഖലയിൽ ദേശീയ ശരാശരിയുടെ ഇരട്ടിയും നഗര മേഖലകളിൽ രണ്ടിരട്ടിയുമാണ്. പത്തിൽ എട്ട് വീടുകളിലും ആയുഷ് ചികിത്സ അല്ലെങ്കിൽ മരുന്ന് ഫലവത്താണെന്ന് മനസിലാക്കിയിട്ടുണ്ട്. പത്തിൽ നാല് വീടുകളും ആയുഷ് ചികിത്സയുടെ മുൻകാല ഗുണഫലങ്ങളെ അടിസ്ഥാനമാക്കി ചികിത്സ തുടരുന്നവരാണ്. ആയുഷ് മേഖലയുടെ വളർച്ചയ്ക്ക് ഏറെ ഗുണം ചെയ്യുന്നതാണ് ഈ സർവേ.

# കേംബ്രിഡ്ജ് സർവ്വകലാശാലയിൽ ഇനി ഗുരുദേവ ദർശനം ഗവേഷണത്തിന്

**കേംബ്രിഡ്ജ് :** ഗുരുദേവ ദർശനം കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ഗവേഷണത്തിന്റെ ഭാഗമാകുന്നു. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ദക്ഷിണ ഏഷ്യൻ റിസർച്ച് ആൻഡ് സ്റ്റഡീസ് ഗവേഷണ വിഭാഗത്തിൽ നടന്ന ചടങ്ങിൽ ഡോ. സുരേഷ് കുമാർ മധുസൂദനനും പ്രൊ. പ്രകാശ് ദിവാകരനും ചേർന്നു രചിച്ച ഹാർമണി അൺവീൽഡ് ശ്രീനാരായണ ഗുരുസ് ബ്ലൂ പ്രിൻറ് ഫോർ വേൾഡ് പീസ് & പ്രോഗ്രസ്സ് എന്ന ഇംഗ്ലീഷ് പുസ്തകം ഉൾപ്പെടെ പതിനഞ്ചോളം പുസ്തകങ്ങൾ ഗവേഷണത്തിന് കൈമാറി. ശിവഗിരി ആശ്രമം യു കെ യുടെ നേതൃത്വത്തിലാണ് ചടങ്ങുകൾ സംഘടിപ്പിച്ചത്.

ഗ്രന്ഥങ്ങൾ ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് അംഗം ശ്രീമദ് വീരേശ്വരാനന്ദ സ്വാമികൾ കേംബ്രിഡ്ജ് സർവ്വകലാശാലയുടെ ഗവേഷണ വിഭാഗം മേധാവി ലൂയിസ് ബ്രിട്ടനു കൈമാറി.ചടങ്ങിൽ ലണ്ടൻ യൂണിവേഴ്സിറ്റി പ്രൊഫസർ അലക്സ് ഗ്യത്ത് കേംബ്രിഡ്ജ് മലയാളി അസ്സോസിയേഷൻ പ്രസിഡന്റ് ജോജി ജോസഫ് രചയിതാക്കളായ ഡോ. സുരേഷ് കുമാർ മധുസൂദനനും പ്രൊഫസർ പ്രകാശ് ദിവാകരനും ശിവഗിരി ആശ്രമം യു.കെ. പ്രസിഡന്റ് ബൈജു പാലക്കൽ, സെക്രട്ടറി സജീഷ് ദാമോദരൻ, ആശ്രമത്തിന്റെ എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങളായ സതീഷ് കുട്ടപ്പൻ , സിബി കുമാർ, അനിൽ കുമാർ ശശിധരൻ, അനിൽ കുമാർ രാലവൻ, കല ജയൻ, മധു രവീന്ദ്രൻ, അനിഷ് കുമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# മീഡിയ അക്കാദമി ഫെലോഷിപ്പിന് ജനുവരി 30 വരെ അപേക്ഷിക്കാം

**കൊച്ചി:** മാധ്യമരംഗത്തെ പഠനഗവേഷണങ്ങൾക്കുള്ള കേരള മീഡിയ അക്കാദമിയുടെ ഫെലോഷിപ്പിന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്ത് മാധ്യമ പ്രവർത്തനം നടത്തുന്നവർക്കും കേരളത്തിൽ ആസ്ഥാനമുള്ള മാധ്യമങ്ങൾക്ക് വേണ്ടി അന്യ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന മാധ്യമ പ്രവർത്തകർക്കും (ഇംഗ്ലീഷ്മലയാളം) അപേക്ഷിക്കാം. പതിനായിരം രൂപ മുതൽ ഒരു ലക്ഷം രൂപ വരെയാണ് ഫെലോഷിപ്പ് തുക.

അപേക്ഷകർ ബിരുദധാരികളും മാധ്യമരംഗത്ത് കുറഞ്ഞത് അഞ്ചുവർഷമെങ്കിലും പ്രവൃത്തി പരിചയമുള്ളവരുമായിരിക്കണം. മാധ്യമ പഠന വിദ്യാർത്ഥികൾക്കും മാധ്യമപരിശീലന രംഗത്തുള്ള അദ്ധ്യാപകർക്കും അപേക്ഷിക്കാം. വിദ്യാർത്ഥികൾക്ക് പ്രവൃത്തിപരിചയം നിർബന്ധമല്ല.

സൂക്ഷ്മവിഷയങ്ങൾ, സമഗ്രവിഷയങ്ങൾ, സാധാരണ വിഷയങ്ങൾ എന്നു മൂന്നായി തരംതിരിച്ചാണ് ഫെലോഷിപ്പ് നൽകുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ഫെലോഷിപ്പ് നൽകില്ല. പട്ടികജാതിപട്ടികവർഗമറ്റ് അർഹവിഭാഗങ്ങൾ, കുട്ടികൾ, സ്ത്രീകൾ, നവോത്ഥാന പ്രസ്ഥാനങ്ങളും മാധ്യമങ്ങളും എന്നീ വിഭാഗത്തിലുള്ള പഠനങ്ങൾക്കു മുൻഗണന നൽകും. പഠനങ്ങളിൽ മാധ്യമങ്ങളുടെ പങ്ക് ഉണ്ടാകണം. അപേക്ഷാഫോറവും നിയമാവലിയും അക്കാദമി വെബ്സൈറ്റിൽ നിന്നു ഡൗൺലോഡ് ചെയ്യാം. (www.keralamediaacademy.org).

കൂടുതൽ വിവരങ്ങൾക്ക് 0484 2422275 എന്ന നമ്പറിൽ ബന്ധപ്പെടാം. അപേക്ഷയും സിനോപ്സിസും 2025 ജനുവരി 30നകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി 682 030 എന്ന വിലാസത്തിൽ ലഭിക്കണം.

# കുഷ്ഠരോഗനിർമാർജന യജ്ഞത്തിന് വകുപ്പുകളുടെ ഏകോപനം അനിവാര്യം: ജില്ലാ കളക്ടർ

**കൊച്ചി :** കുഷ്ഠരോഗ നിർമാർജന യജ്ഞത്തിനായി ആരോഗ്യ വകുപ്പ് നടത്തുന്ന അശ്വമേധം 6.0 കാമ്പയിന്റെ നടത്തിപ്പിന് ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനം അനിവാര്യമെന്ന് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിലയിരുത്തി.

ജനുവരി 30 മുതൽ ഫെബ്രുവരി 12 വരെ പതിനാല് ദിവസമാണ് അശ്വമേധം 6.0 കാമ്പയിൻ സംഘടിപ്പിക്കുന്നത്. കുഷ്ഠരോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണം, പ്രാഥമിക പരിശോധന, രോഗബാധിതർക്ക് വിദഗ്ധ പരിശോധന, ചികിത്സ എന്നിവ ലഭ്യമാക്കുകയാണ് അശ്വമേധം കാമ്പയിന്റെ ലക്ഷ്യം.

രണ്ടു വയസിനു മുകളിൽ പ്രായമുള്ളവരിലാണ് പരിശോധന നടത്തുന്നത്. ജില്ലയിലെ 981657 വീടുകളിലും ആരോഗ്യ വകുപ്പു ജീവനക്കാരുടെ നേതൃത്വത്തിൽ പരിശീലനം ലഭിച്ച വളണ്ടിയർമാർ സന്ദർശനം നടത്തും. കൂടാതെ 381 അതിഥി തൊഴിലാളികളുടെ സ്ഥലങ്ങളും സന്ദർശിച്ചു പരിശോധന നടത്തും. തൊലിപ്പുറത്ത് നിറം മങ്ങിയതും ചുവന്നതുമായ പാടുകളിൽ സ്പർശനം, ചൂട്, തണുപ്പ്, വേദന എന്നിവ അറിയാതിരിക്കൽ, പരിധീയ നാഡികളിൽ തൊട്ടാൽ വേദന, കൈകാൽ മരവിപ്പ് എന്നിവയാണ് രോഗത്തിന്റെ പ്രാഥമിക ലക്ഷണങ്ങൾ.സർക്കാർ ആശുപത്രികളിൽ കുഷ്ഠരോഗ ചികിത്സ സൗജന്യമാണ്. യോഗത്തിൽ കുഷ്ഠരോഗ നിർമാർജനവുമായി ബന്ധപ്പെട്ട ജില്ലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തി.ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ആശാ ദേവി, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ ശിവപ്രസാദ്, അഡിഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ, ഡോ. കെ ആർ രാജൻ വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.




# ഇന്ത്യയിലെ ആദ്യത്തെ ബ്ലൂടൂത്ത് കണക്റ്റഡ് ഇലക്ട്രിക് ത്രീവീലർ ടിവിഎസ് കിങ് ഇവി മാക്സ് പുറത്തിറക്കി

**കൊച്ചി:** ഇരുചക്ര, ത്രീവീലർ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രമുഖ ആഗോള വാഹന നിർമാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി, ടിവിഎസ് കിങ് ഇവി മാക്സ് എന്ന പേരിൽ ഇന്ത്യയിലെ ആദ്യത്തെ ബ്ലൂടൂത്ത് കണക്റ്റഡ് പാസഞ്ചർ ഇലക്ട്രിക് ത്രീവീലർ പുറത്തിറക്കി. ടിവിഎസ് സമാർട്ട്കണക്ട് വഴിയുള്ള ബ്ലൂടൂത്ത് കണക്റ്റിവിറ്റി ഉൾപ്പെടെയുള്ള ഏറ്റവും മികച്ച ഫീച്ചറുകളും, നൂതന സാങ്കേതികവിദ്യയും ഉൾപ്പെടുത്തിയാണ് പുതിയ മോഡൽ എത്തുന്നത്.

ഒറ്റ ചാർജിൽ 179 കിലോമീറ്റർ റേഞ്ചാണ് ടിവിഎസ് കിങ് ഇവി മാക്സ് വാഗ്ദാനം ചെയ്യുന്നത്. 080% ചാർജിന് വെറും 2 മണിക്കൂറും 15 മിനിറ്റും,100% ചാർജിന് 3.5 മണിക്കൂറും മാത്രം മതിയാവും. നഗര യാത്രയ്ക്ക് അനുയോജ്യമാക്കുന്ന രീതിയിൽ ഉയർന്ന പ്രകടനമുള്ള 51.2വി ലിഥിയം അയൺ എൽഎഫ്പി ബാറ്ററിയാണ് ടിവിഎസ് കിങ് ഇവി മാക്സിന് ഊർജം പകരുന്നത്. ഇക്കോ മോഡിൽ പരാമവധി 40 കി.മീ വേഗതയിലും, സിറ്റി മോഡിൽ 50 കി.മീ വേഗതയിലും, പവർ മോഡിൽ 60 കി.മീ വേഗതയിലും സഞ്ചരിക്കാം.

3.7 സെക്കൻഡിൽ 030 കി.മീ വേഗം കൈവരിക്കാനാവും. വിശാലമായ ക്യാബിനും, യാത്രക്കാർക്ക് പരമാവധി സുഖപ്രദമായി ഇരിക്കാവുന്ന സീറ്റുകളും പ്രത്യേകതയാണ്. യുപി, ബിഹാർ, ജമ്മു കശ്മീർ, ഡൽഹി, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ തിരഞ്ഞെടുത്ത ഡീലർഷിപ്പുകളിൽ ടിവിഎസ് കിങ് ഇവി മാക്സ് ഇപ്പോൾ ലഭ്യമാണ്. 6 വർഷം അല്ലെങ്കിൽ 1.5 ലക്ഷം കിലോമീറ്റർ വരെ വാറന്റിയും (ഏതാണോ ആദ്യം അത്), ആദ്യ 3 വർഷത്തേക്ക് 24/7 റോഡ് സൈഡ് അസിസ്റ്റൻസും ലഭിക്കും. 295000 രൂപയാണ് എക്സ് ഷോറൂം വില.

ലാസ്റ്റ് മൈൽ കണക്റ്റിവിറ്റിക്ക് സുസ്ഥിരമായ പരിഹാരങ്ങൾ നൽകാനുള്ള തങ്ങളുടെ പ്രതിജ്ഞാബദ്ധതയിലെ സുപ്രധാന ചുവടുവയ്പ്പാണ് ടിവിഎസ് കിങ് ഇവി മാക്സിന്റെ അവതരണമെന്ന് ടിവിഎസ് മോട്ടോർ കമ്പനിയുടെ കൊമേഴ്സ്യൽ മൊബിലിറ്റി ബിസിനസ് ഹെഡ് രജത് ഗുപ്ത പറഞ്ഞു.

തുടക്കത്തിൽ അഞ്ച് സംസ്ഥാനങ്ങളിൽ മാത്രം ലോഞ്ച് ചെയ്ത വാഹനം വരും മാസങ്ങളിൽ രാജ്യത്തുടനീളം ലഭ്യമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# സൂം കാറുമായി ചേർന്ന് പുതിയ പങ്കാളിത്തതിന് തുടക്കമിട്ട് എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** രാജ്യത്തെ വിവിധ നഗരങ്ങളിൽ പറന്നിറങ്ങുന്ന എയർ ഇന്ത്യ എക്സ്പ്രസിലെ യാത്രക്കാർക്ക് പുത്തൻ അനുഭവം നൽകുന്നതിനായി സൂം കാറുമായി ചേർന്നുള്ള പങ്കാളിത്തതിന് തുടക്കമിട്ട് എയർ ഇന്ത്യ എക്സ്പ്രസ്.

യാത്രക്കാർക്ക് ഇഷ്ടമുള്ള കാർ ബുക്ക് ചെയ്യാനും എയർപോർട്ടിൽ നിന്ന് തന്നെ വാഹനമെടുത്ത് സ്വയം ഓടിച്ച് പോകാനുള്ള സംവിധാനമാണ് എയർ ഇന്ത്യ എക്സ്പ്രസ് ഒരുക്കിയിരിക്കുന്നത്.

എയർപോർട്ടിൽ നിന്നും വാഹനമെടുത്ത് യാത്രയ്ക്ക് ശേഷം തിരികെ എയർപോർട്ടിൽ തന്നെ വാഹനം പാർക്ക് ചെയ്ത് ആപ്പിലൂടെ ലോഗൗട്ട് ചെയ്യാം എന്നതാണ് പ്രധാന ആകർഷണം.

കൊച്ചി, ബംഗളൂരു, ഭുവനേശ്വർ, ചെന്നൈ, ഡൽഹി, ഗോവ, ഗുവാഹത്തി, ഹൈദരാബാദ്, ഇൻഡോർ, ജയ്പൂർ, കൊൽക്കത്ത, ലഖ്നൗ, മംഗലാപുരം, മധുരൈ, മുംബൈ, പൂനെ, തിരുച്ചിറപ്പള്ളി, വിജയവാഡ, വിശാഖപട്ടണം എന്നീ നഗരങ്ങളിലെത്തുന്നവർക്ക് എയർ ഇന്ത്യ എക്സ്പ്രസിൻറെ വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും സൂം കാറുകൾ ബുക്ക് ചെയ്യാം.

ഏത് തരം യാത്രയ്ക്കും ലഗേജിനും അനുയോജ്യമായ തരത്തിൽ മികച്ച റേറ്റിംഗുള്ള വാഹനദാതാക്കളിൽ നിന്നുള്ള എസ്യുവി, സെഡാൻ, ഹാച്ച്ബാക്ക് എന്നിവയും ഇലക്ട്രിക് വാഹനങ്ങളുമാണ് ഒരുക്കിയിട്ടുള്ളത്.

പേപ്പറുകൾ പാടെ ഒഴിവാക്കി ഡ്രൈവിംഗ് ലൈസൻസും തിരിച്ചറിൽ കാർഡും ഒപ്പം ഒരു സെൽഫിയും അപ്ലോഡ് ചെയ്താൽ എയർ ഇന്ത്യ എക്സ്പ്രസിൻറെ വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും സൂം കാർ ബുക്ക് ചെയ്യാം. എട്ട് മണിക്കൂർ മുതൽ ദീർഘദൂര യാത്രയ്ക്ക് വരെ അനുയോജ്യമായ പ്ലാനുകളുണ്ട്.

സൂം കാറിൻറെ കീ ലെസ് അക്സസ് സംവിധാനം വഴി ഒരു ജീവനക്കാരൻറെ സഹായമില്ലാതെ മൊബൈൽ ആപ്പ് വഴി വാഹനം പിക്ക് അപ്പ്, ഡ്രോപ്പ് ഓഫ് ഉൾപ്പടെ ചെയ്യാനും സാധിക്കും. യാത്ര പുറപ്പെടുന്നതിന് 60 ദിവസം മുതൽ എട്ട് മണിക്കൂർ മുൻപ് വരെ ഈ സേവനം ബുക്ക് ചെയ്യാം.

എയർ ഇന്ത്യ എക്സ്പ്രസിലെ ഓരോ യാത്രക്കാർക്കും വ്യക്തിഗത അനുഭവം നൽകുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് എയർ ഇന്ത്യ എക്സ്പ്രസ് ചീഫ് കൊമേഴ്സ്യൽ ഓഫീസർ അങ്കുർ ഗാർഗ് പറഞ്ഞു.

# എയർടെലും ബജാജ് ഫിനാൻസും കൈകോർക്കുന്നു

**ന്യൂഡൽഹി:** ഇന്ത്യയിലെ ഏറ്റവും വലിയ ടെലികോം സേവനദാതാക്കളിൽ ഒന്നായ ഭാരതി എയർടെലും രാജ്യത്തെ ഏറ്റവും വലിയ സ്വകാര്യമേഖല നോൺബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനിയായ ബജാജ് ഫിനാൻസും എൻബിഎഫ്സിയും ചേർന്ന് സാമ്പത്തിക സേവനങ്ങൾക്കായുള്ള ഏറ്റവും വലിയ ഡിജിറ്റൽ പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിനും ലാസ്റ്റ് മൈൽ ഡെലിവറിയിൽ മാറ്റങ്ങൾ വരുത്തുന്നതിനുമായുള്ള കമ്പനിയ്ക്കായി പങ്കാളിത്തം പ്രഖ്യാപിച്ചു.

370 മില്യൺ വരുന്ന എയർടെലിന്റെ ഉപഭോക്തൃ അടിത്തറയും, 12 ലക്ഷത്തിലധികം ശക്തമായ വിതരണ ശൃംഖലയും, ബജാജ് ഫിനാൻസിന്റെ വൈവിധ്യമാർന്ന 27 ഉൽപ്പന്ന ലൈനുകൾ, 5,000 ലധികം ശാഖകൾ 70,000ത്തിലധികം ഫീൽഡ് ഏജന്റുമാർ എന്നിവരുൾപ്പെടുന്ന വിതരണ ശൃംഖലയും ഒന്നിച്ചു ചേർക്കുന്ന ഇത്തരത്തിലുള്ള ആദ്യ പങ്കാളിത്തമാണിത്.

തടസ്സങ്ങളില്ലാത്തതും സുരക്ഷിതവുമായ ഉപഭോക്തൃ അനുഭവത്തിനായി എയർടെൽ തുടക്കത്തിൽ ബജാജ് ഫിനാൻസിന്റെ റീട്ടെയിൽ ഫിനാൻഷ്യൽ ഉൽപ്പന്നങ്ങൾ എയർടെൽ തങ്ങളുടെ താങ്ക്സ് ആപ്പിലും പിന്നീട് രാജ്യവ്യാപകമായ സ്റ്റോറുകളുടെ നെറ്റ്വർക്കിലൂടെയും നൽകും.

ബജാജ് ഫിനാൻസിന്റെ രണ്ട് ഉൽപ്പന്നങ്ങൾ എയർടെൽ താങ്ക്സ് ആപ്പിൽ പൈലറ്റ് ചെയ്തിട്ടുണ്ട്. മാർച്ചോടെ നാല് ഉൽപ്പന്നങ്ങൾ എയർടെൽ താങ്ക്സ് ആപ്പിൽ ലഭ്യമാകും. ഗോൾഡ് ലോൺ, ബിസിനസ് ലോൺ, കോബ്രാൻഡഡ് ഇൻസ്റ്റ ഇഎംഐ കാർഡ്, പേഴ്സണൽ ലോൺ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ കലണ്ടർ വർഷത്തിനുള്ളിൽ ബജാജ് ഫിനാൻസിന്റെ 10 സാമ്പത്തിക ഉൽപ്പന്നങ്ങൾ എയർടെൽ സമയാനുസൃതമായി ലഭ്യമാക്കും.

എയർടെൽ ഉപഭോക്താക്കൾക്ക് എയർടെൽബജാജ് ഫിൻസേർവ് ഇൻസ്റ്റാ ഇഎംഐ കാർഡിന് എയർടെൽ താങ്ക്സ് ആപ്പ് വഴിയും പിന്നീട് അതിന്റെ രാജ്യവ്യാപകമായ സ്റ്റോറുകളുടെ നെറ്റ്വർക്ക് വഴിയും അപേക്ഷിക്കാം. 4,000ലധികം നഗരങ്ങളിലെ 1.5 ലക്ഷത്തിലധികം പാർട്ണർ സ്റ്റോറുകളിൽ ഇലക്ട്രോണിക്സ്, ഫർണിച്ചറുകൾ, പലചരക്ക് സാധനങ്ങൾ എന്നിവയുൾപ്പെടെ വിവിധ സാധനങ്ങൾ വാങ്ങുന്നതിനുള്ള ഫ്ലെക്സിബിൾ ഇഎംഐ ഓപ്ഷനുകളും പേയ്മെന്റ് പ്ലാനുകളും ലഭ്യമായിരിക്കും. കൂടാതെ, ഒന്നിലധികം പ്ലാറ്റ്ഫോമുകളിലെ ഇകൊമേഴ്സ് ഇടപാടുകൾക്കും ഈ കോബ്രാൻഡഡ് കാർഡ് ഉപയോഗിക്കാം.

# നെക്സ്റ്റ് 30 ഇടിഎഫ് അവതരിപ്പിച്ച് ഡിഎസ്പി മുച്വൽ ഫണ്ട്

**കൊച്ചി:** സമീപ ഭാവിയിൽ വളർച്ച കൈവരിക്കാൻ സാധ്യതയുള്ള കമ്പനികളുടെ ഓഹരികൾ തിരഞ്ഞെടുക്കാൻ അവസരമൊരുക്കി പ്രമുഖ അസറ്റ് മാനേജ്മന്റ് കമ്പനിയായ ഡിഎസ്പി മുചൽ ഫണ്ട്. നെക്സ്റ്റ് 30 ഇടിഎഫ് എന്ന പേരിൽ അവതരിപ്പിച്ച ഫണ്ടിൽ ഈമാസം 24വരെ നിക്ഷേപിക്കാം. വലിയ വിപണി മൂല്യമുള്ളതും ഭാവിയിൽ വളർച്ച കൈവരിക്കുന്നതുമായ കമ്പനികളുടെ ഓഹരികളിൽനിന്നും നിക്ഷേപകർക്ക് മികച്ച റിട്ടേണുകൾ ലഭ്യമാക്കുകയാണ് ഫണ്ടിലൂടെ ലക്ഷ്യമിടുന്നത്. സെൻസെക്സിൽ ഉൾപ്പെടാത്ത, മികച്ച പ്രകടനം നടത്താൻ സാധ്യതയുള്ള ഓഹരികളിലും നിക്ഷേപിക്കാമെന്നതാണ് നെക്സ്റ്റ് 30 ഇടിഎഫിന്റെ പ്രത്യേകത. നിക്ഷേപകർക്ക് ആകെ 30 ഓഹരികൾവരെ തിരഞ്ഞെടുക്കാം. നിക്ഷേപകർക്ക് കൂടുതൽ കാലത്തേക്ക് നേട്ടമുണ്ടാക്കാൻ സാധിക്കുന്നതാണ് നെക്സ്റ്റ് 30 ഇടിഎഫ് എന്ന് ഡിഎസ്പി മുചൽ ഫണ്ടിന്റെ ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊഡക്ട്സ് വിഭാഗം തലവൻ അനിൽ ഗെലാനി പറഞ്ഞു.

# വായ്പ പലിശനിരക്ക് പുതുക്കി സൗത്ത് ഇന്ത്യൻ ബാങ്ക്

**തൃശൂർ:** തൃശൂർ ആസ്ഥാനമായ പ്രമുഖ സ്വകാര്യബാങ്കായ സൗത്ത് ഇന്ത്യൻ ബാങ്ക്, വായ്പകളുടെ അടിസ്ഥാന മാനദണ്ഡങ്ങളിലൊന്നായ മാർജിനൽ കോസ്റ്റ് ഓഫ് ഫണ്ട്സ് ബേസ്ഡ് ലെൻഡിങ് റേറ്റിങ്ങിൽ (എംസിഎൽആർ) നേരിയ വർധന വരുത്തി. പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വന്നു.

ഓരോ തിരിച്ചടവ് കാലാവധിയുമുള്ള വായ്പകളുടെ എംസിഎൽആർ 0.05% കൂട്ടുകയാണ് ചെയ്തത്. എംസിഎൽആർ ബാധകമായ വായ്പകളുടെ പ്രതിമാസ തിരിച്ചടവ് തുക (ഇഎംഐ/ങ്ങഇഘഞ്ഞ) ഇതുപ്രകാരം കൂടും. അതായത് സ്വർണപ്പണയം, ഓവർ ഡ്രാഫ്റ്റ്, ജിഎസ്ടി ബിസിനസ് വായ്പ എന്നിങ്ങനെ സൗത്ത് ഇന്ത്യൻ ബാങ്കിലെ എംസിഎൽആർ ബാധകമായ വായ്പകളുടെ തിരിച്ചടവ് തുകയിൽ (ഇഎംഐ) മാറ്റം വരും.

ഒറ്റനാൾ കാലാവധിയുള്ള (ഓവർനൈറ്റ്) വായ്പകളുടെ എംസിഎൽആർ 7.95 ശതമാനത്തിൽ നിന്ന് 8 ശതമാനമായി. ഒരുമാസ കാലാവധിയുള്ളവയുടേത് 8.60ൽ നിന്ന് 8.65 ശതമാനത്തിലേക്കും 3 മാസ കാലാവധിയുള്ളവയുടേത് 9.90ൽ നിന്ന് 9.95 ശതമാനത്തിലേക്കുമാണ് കൂട്ടിയത്. 6 മാസക്കാലാവധിയുള്ള വായ്പയ്ക്ക് പുതിയ എംസിഎൽആർ 10%. നേരത്തേ ഇത് 9.95 ശതമാനമായിരുന്നു. ഒരുവർഷ കാലാവധിയുള്ളവയുടേത് 10.05 ശതമാനത്തിൽ നിന്നുയർത്തി 10.10 ശതമാനവുമാക്കി. ഇതിനുമുമ്പ് കഴിഞ്ഞ ഒക്ടോബറിലായിരുന്നു സൗത്ത് ഇന്ത്യൻ ബാങ്ക് എംസിഎൽആറിൽ മാറ്റംവരുത്തിയത്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഏഥറിന്റെ ഗോൾഡ് സർവീസ് സെന്റർ തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** ഇന്ത്യയിലെ വൈദ്യുത ഇരുചക്ര വാഹന നിർമ്മാതാക്കളായ ഏഥർ എനർജി ലിമിറ്റഡ്, കുറ്റൂക്കാരൻ ഗ്രൂപ്പുമായി സഹകരിച്ച് കേരളത്തിൽ തിരുവനന്തപുരത്ത് പ്ലാമൂട് ജംഗ്ഷനിൽ തങ്ങളുടെ ആദ്യത്തെ ഏഥർ ഗോൾഡ് സർവീസ് സെന്റർ തുറന്നു. ഉപഭോക്താക്കൾക്ക് അധിക ചെലവില്ലാതെ പ്രവർത്തന കാര്യക്ഷമതയും ഉപഭോക്തൃ സംതൃപ്തിയും വർദ്ധിപ്പിക്കുന്നതിനാണ് പുതിയ ഗോൾഡ് സർവീസ് സെൻറർ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു

# നികുതി വിദഗ്ധരെ ടാലി സൊല്യൂഷൻസ് ആദരിച്ചു

**കൊച്ചി:** എംഎസ്എംഇകളുടെ ഡിജിറ്റൽ പരിവർത്തനത്തിനങ്ങൾക്ക് നേതൃത്വം നൽകുന്ന കൊച്ചിയിലെ നികുതി വിദഗ്ധർക്ക് ടാലി സൊല്യൂഷൻസിന്റെ ആദരം. ടാലി സൊല്യൂഷൻസ് സംഘടിപ്പിച്ച 'ടാക്സ് ആൻഡ് അക്കൗണ്ടിംഗ് ടൈറ്റൻസ്' എന്ന പ്രത്യേക പരിപാടിയിലൂടെയാണ് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ(എംഎസ്എംഇ) ആവശ്യങ്ങൾക്കായി മികച്ച പ്രവർത്തനത്തിനങ്ങൾ കാഴ്ചവെക്കുന്ന ജി.എസ്.ടി.പികൾ, അക്കൗണ്ടന്റുമാർ, നികുതി അഭിഭാഷകർ, മറ്റ് പ്രൊഫഷണലുകൾ എന്നിവരെ ആദരിച്ചത്. കൊച്ചിയിലെ ടാക്സ് ആൻഡ് അക്കൗണ്ടിംഗ് കമ്മ്യൂണിറ്റിയുടെ പ്രധാന സംഭാവനകളെ അംഗീകരിച്ച് മേഖലയിൽ മികച്ച പ്രകടനം നടത്തിയ കൊച്ചിയിൽ നിന്നുള്ള 9 പ്രഗത്ഭ പ്രൊഫഷണലുകൾ ടാലിയുടെ ആദരമേറ്റുവാങ്ങി.

ടി.ജെ വിനോദ് എം.എൽ.എ, എറണാകുളം ടാക്സ് പേയർ സർവീസ് ഡിവിഷൻ ഡെപ്യൂട്ടി കമ്മീഷണർ അനിൽകുമാർ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു വിജയികളെ ആദരിച്ചത്.

# ഫൈവ് സ്റ്റാർ റേറ്റിംഗ് നേടി സ്കോഡ കൈലാഖ്

**കോട്ടയം:** സ്കോഡ ഓട്ടോ ഇന്ത്യയുടെ പുതിയ എസ്‌യുവി കൈലാഖിന് ഭാരത് എൻസിഎപി പരിശോധനയിൽ ഫൈവ് സ്റ്റാർ റേറ്റിംഗ് ലഭിച്ചതായി സ്കോഡ ഓട്ടോ ഇന്ത്യയുടെ ബ്രാൻഡ് ഡയറക്ടർ പീറ്റർ ജനീബ പറഞ്ഞു.

രാജ്യത്തിന്റെ ഔദ്യോഗിക സുരക്ഷാ പരിശോധനയിൽ പങ്കെടുക്കുന്ന ആദ്യവാഹനമാണിത്. സ്കോഡയുടെ മറ്റ് മോഡലുകളായ സ്ലാവിയ, കുഷാഖ് എന്നിവയ്ക്ക് ഗ്ലോബൽ എൻക്യാപ് പരിശോധനയിൽ മുതിർന്നവരുടെ വിഭാഗത്തിലും കുട്ടികളുടെ വിഭാഗത്തിലും 5 സ്റ്റാർ ലഭിച്ചിട്ടുണ്ട്.

ആറ് എയർബാഗുകൾ, ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ, റോൾ ഓവർ പ്രൊട്ടക്ഷൻ, ഹിൽ ഹോൾഡ് കൺട്രോൾ, മൾട്ടി കൊളിഷൻ ബ്രേക്കിംഗ്, എക്സ്ഡിഎസ്പ്ലസ് എന്നിവ അടിസ്ഥാന വേരിയന്റിൽ നിന്ന് സ്റ്റാൻഡേർഡായി ഉൾപ്പെടുത്തിയിട്ടുണ്ട്. സുരക്ഷ സ്കോഡ ഡിഎൻഎയിൽ അന്തർലീനമാണെന്ന് പീറ്റർ ജനീബ പറഞ്ഞു.

# ഔഷധ സുഗന്ധസസ്യ കൃഷിയിൽ കെവികെ പരിശീലനം

**കൊച്ചി:** ഔഷധ, സുഗന്ധ സസ്യങ്ങളുടെ കൃഷി രീതികളിൽ സിഎംഎഫ്ആർഐക്ക് കീഴിലുള്ള എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെവികെ) പരിശീലനം നൽകും. 23ന് പെരുമ്പാവൂരിലെ രായമംഗലം പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ വെച്ചാണ് ഏകദിന പരിശീലനം. ദേശീയ അരോമ മിഷന്റെ കീഴിൽ സിഎസ്ഐആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിസിനൽ ആൻഡ് ആരോമാറ്റിക് പ്ലാന്റ്സ് ബംഗളൂരു സ്റ്റേഷനുമായി സഹകരിച്ചാണ് പരിപാടി. ജില്ലയിൽ ഇഞ്ചിപ്പുൽ കൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ടാണ് കർഷകരെ പരിശീലിപ്പിക്കുന്നത്. ഇഞ്ചിപ്പുൽ കൃഷിയിലെ ആധുനിക രീതികളും സാങ്കേതികവിദ്യകളും പ്രദർശിപ്പിക്കും. ഈ കൃഷിയുടെ വികസനത്തിനായി അനുയോജ്യരായ കർഷക സംഘങ്ങളെ കണ്ടെത്തുന്നതിനും ലക്ഷ്യമുണ്ട്. ഇഞ്ചിപ്പുൽ കൃഷി വിളവെടുക്കുന്നതിനുള്ള യന്ത്രം കഴിഞ്ഞ വർഷം കെവികെ പരിചയപ്പെടുത്തിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് പരിശീലനം. പങ്കെടുക്കാൻ താൽപര്യമുള്ള കർഷകർക്ക് സൗജന്യമായി രജിസ്റ്റർ ചെയ്യാം. ഫോൺ 8590941255.




# മൊബിലൈസ് ഹേർ പദ്ധതിക്ക് കൊച്ചിയിൽ തുടക്കം

**കൊച്ചി:** ഗതാഗതരംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കുന്നതിനും അവയ്ക്ക് പരിഹാരം നിർദ്ദേശിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതും ലക്ഷ്യം വച്ചുകൊണ്ട് കൊച്ചി നഗരസഭ യൂറോപ്പ്യൻ യൂണിയന്റെ സഹായത്തോടെ നടപ്പിലാക്കുന്ന മൊബിലൈസ് ഹേർ പദ്ധതിക്ക് തുടക്കം കുറിച്ചു.

സ്ത്രീകൾക്കും മറ്റു ലിംഗ വിഭാഗങ്ങൾക്കും സുരക്ഷിതമായി ഇരുപത്തിനാല് മണിക്കൂറും യാത്ര ചെയ്യാൻ ആകും വിധമുള്ള ഗതാഗത സംവിധാനമാണ് മൊബിലൈസ് ഹേർ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. സ്ത്രീ കേന്ദ്രീകൃത ഗതാഗത സംവിധാനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങളും ഈ പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കും. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് യൂറോപ്യൻ യൂണിയന്റെ പൂർണ്ണ പിന്തുണയും സഹകരണവും ഉണ്ടായിരിക്കും. അർബൻ ഇലക്ട്രിക് മൊബിലിറ്റി ഇനീഷ്യേറ്റീവിന്റെ (യൂ.ഇ.എം.ഐ) സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൊച്ചി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ഹെറിറ്റേജ്, എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റും (സിഹെഡ് ) സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ചും ഡൽഹി ആസ്ഥാനമായുള്ള പബ്ലിക് റിസർച്ച് സ്ഥാപനമായ പാർട്ടിസിപ്പേറ്ററി റിസർച്ച് ഇൻ ഏഷ്യ (പി.ആർ.ഐ.എ) എന്നിവരുടെ സഹകരണവും പദ്ധതിയ്ക്ക് ഉണ്ടാകും. കൊച്ചി നഗരത്തിന്റെ ഭാഗമായി വരുന്ന പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ഈ പദ്ധതി വിവിധ കമ്മ്യൂണിറ്റി സോഷ്യൽ ഓർഗനൈസേഷനുകളുമായി സഹകരിച്ചാണ് നടപ്പിലാക്കുക. ഇതിനായി പതിനെട്ട് സംഘടനകളെ ഇതിനകം തന്നെ തിരഞ്ഞെടുത്തിട്ടുണ്ട്. മേയർ അഡ്വ. എം. അനിൽ കുമാർ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.

അർബൻ ഇലക്ട്രിക് മൊബിലിറ്റി ഇനീഷ്യേറ്റീവിനെ (യൂ.ഇ.എം.ഐ) പ്രതിനിധികരിച്ച് ഡോ. ഒലിവർ ലാ, യൂറോപ്യൻ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ജനറൽ ഫോർ ഇന്റർനാഷണൽ പാർട്ണർഷിപ്പ്, സീനിയർ മാനേജർ ഡെൽഫിന, , സിഹെഡ് ഡയറക്ടർ ഡോ. രാജൻ, സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച് (സിപിപിആർ) ചെയർമാൻ ഡോ. ഡി. ധനുരാജ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

# എംഎസ്എംഇകൾക്കുള്ള വെണ്ടർ ഡെവലപ്മെന്റ് പ്രോഗ്രാം 23ന്

**കൊച്ചി:** കൊച്ചി ബോൾഗാട്ടി പാലസ് ഇവന്റ് സെന്ററിൽ നടക്കുന്ന ഇന്ത്യാ ബോട്ട് ആൻഡ് മറൈൻ ഷോ 2025ന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷനൽ സ്മോൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (എൻഎസ്ഐസി) ജനുവരി 23ന് ഉച്ചയ്ക്ക് 1:30 മുതൽ 6 മണി വരെ വെണ്ടർ ഡെവലപ്മെന്റ് പ്രോഗ്രാം (വിഡിപി) സംഘടിപ്പിക്കും. എംസ്എംഇകളെ വൻകിട പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉൽപ്പന്നങ്ങളും സേവങ്ങളും നൽകാൻ പ്രാപ്തമാക്കുന്നതിന് ലക്ഷ്യമിട്ടാണ് വിഡിപിയുടെ സംഘാടനം. കേന്ദ്ര സർക്കാരിനു കീഴിലെ ആത്മ ഭാരത് സ്കീമിനു കീഴിൽ ഇത്തരത്തിൽപ്പെട്ട വൻകിട പൊതുമേഖലാ സ്ഥാപനങ്ങൾ എംഎസ്എംഇ മേഖലയോട് അവരുടെ ഉൽപ്പന്ന, സേവന ആവശ്യങ്ങൾ അവതരിപ്പിക്കണമെന്നതിന്റെ പശ്ചാത്തലത്തിലാണ് വിഡിപി. എക്സ്പോയിൽ പ്രദർശകരായ എംഎസ്എംഇ സ്ഥാപനങ്ങൾക്ക് സൗജന്യമായി പ്രോഗ്രാമിൽ പങ്കെടുക്കാം. പ്രദർശകരല്ലാത്ത സ്ഥാപനങ്ങൾ https://www.indiaboatshow.in/vendordevelopment-program എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യണം. ഒരു സ്ഥാപനത്തിൽ നിന്ന രണ്ടു പേർക്ക് പങ്കെടുക്കാൻ 3500 രൂപ. വിവരങ്ങൾക്ക് ഫോൺ: 88933 04450 ഇമെയിൽ: joseph@cruzexpos.com കൊച്ചിൻ ഷിപ്പ് യാഡ്, കൊച്ചി വാട്ടർ മെട്രോ, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, കൊച്ചിൻ പോർട്ട്, കേരളാ മാരിടൈം ബോർഡ്, ഇൻലാൻഡ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യ, നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ്, മധ്യപ്രദേശ് ടൂറിസം, നാഷനൽ ബോട്ടിംഗ് അസോസിയേഷൻ ഓഫ് മാൽഡീവ്സ്, ഡൈവ് ക്ലബ് ഓഫ് മാൽഡീവ്സ് എന്നീ സ്ഥാപനങ്ങളടെ പ്രതിനിധികൾ എൻഎസ്ഐസി ബ്രാഞ്ച് ഹെഡ് കൊച്ചി ഗ്രേസ് റെജി എന്നിവർ വിഡിപിയിൽ പങ്കെടുക്കും.

# പുരസ്ക്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻറെ 2025 ലെ മുത്തൂറ്റ് ഫിൻകോർപ് ഗ്രീൻ പാംസ് സസ്റ്റയ്നബിലിറ്റി പുരസ്ക്കാരങ്ങൾക്ക് അപേക്ഷകൾ ക്ഷണിച്ചു. നാല് പുരസ്ക്കാരങ്ങളാണ് സമ്മാനിക്കുക. സസ്റ്റയ്നബ്ൾ എന്റർപ്രൈസ്, ബെസ്റ്റ് സി എസ് ആർ പ്രൊജക്ട്, സസ്റ്റയ്നബിലിറ്റി സ്റ്റാർട്ടപ്പ്, ഇംപാക്ട്ഫുൾ എൻ ജി ഒ എന്നിവയാണ് പുരസ്ക്കാരങ്ങൾ.

പരിസ്ഥിതിക്കും സുസ്ഥിര സാമ്പത്തിക വികസനത്തിനും സമൂഹത്തിനും ഉത്തരവാദിത്തത്തോടെ മികച്ച പോസിറ്റീവ് തലങ്ങൾ സമ്മാനിച്ച കേരളത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് സസ്റ്റയ്നബിൾ എന്റർപ്രൈസ് പുരസ്ക്കാരത്തിന് അപേക്ഷിക്കാവുന്നതാണ്. വിദ്യാഭ്യാസം, ആരോഗ്യം, സോഷ്യൽ ഇൻക്ലൂഷൻ, പരിസ്ഥിതി എന്നീ 4 മേഖലകളിൽ മികച്ച സി എസ് ആർ പ്രൊജക്ടുകൾക്കാണ് പുരസ്ക്കാരം നൽകുന്നത്.

സസ്റ്റയ്നബിലിറ്റി പ്രധാന പ്രമേയമാക്കി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്കാണ് സസ്റ്റയ്നബിലിറ്റി സ്റ്റാർട്ടപ്പ് പുരസ്ക്കാരത്തിന് അർഹത. താഴെ തട്ടിൽ പ്രവർത്തിക്കുകയും സാമൂഹ്യ സാംസ്ക്കാരിക പാരിസ്ഥിതിക രംഗങ്ങളിൽ മികവ് തെളിയിക്കുകയും ചെയ്ത എൻ ജി ഒകൾക്ക് ഇംപാക്ട്ഫുൾ എൻ ജി ഒ പുരസ്ക്കാരത്തിന് അപേക്ഷിക്കാവുന്നതാണ്. എൻട്രികൾ ജനുവരി 31ന് മുമ്പ് സമർപ്പിക്കണം.

ഫെബ്രുവരി 28ന് നടക്കുന്ന സസ്റ്റയ്നബിലിറ്റി സമ്മിറ്റിൽ പുരസ്ക്കാരങ്ങൾ വിതരണം ചെയ്യുമെന്ന് കെ.എം.എ പ്രസിഡന്റ് ബിബു പുന്നൂരാൻ, ചെയർ ദിലീപ് നാരായണൻ. ഓണററി സെക്രട്ടറി ഡോ. അനിൽ ജോസഫ് എന്നിവർ അറിയിച്ചു. എൻട്രികൾ സമർപ്പിക്കാൻ www.kma.org.in/greenpalms എന്ന വെബ്സൈറ്റ് സന്ദർശിക്കണം.




# ആപ്പിൾ പുഡ്ഡിംഗ് ശ്രദ്ധ നേടുന്നു

**കൊച്ചി:** ശരീരത്തിന് ദോഷകരമല്ലാത്തതും അതേസമയം പോഷകങ്ങൾ നിറഞ്ഞതുമായ ആപ്പിൾ പുഡ്ഡിംഗ് മികച്ച ഡയറ്റ് ഓപ്ഷൻ എന്നതിനൊപ്പം ഏത് പ്രായത്തിലുമുള്ളവർക്ക് ഉപയോഗിക്കാവുന്ന വിഭവവുമാണെന്ന് ആരോഗ്യവിദഗ്ദർ ചീണ്ടിക്കാട്ടുന്നു.രുചികരമായ കോഫിഇൻഫ്യൂസ്ഡ് ഫ്രഞ്ച് ടോസ്റ്റ് ബ്രെഡ് പുഡ്ഡിംഗ് വൈവിധ്യമാർന്നതും പോഷകസമൃദ്ധവുമായ ബ്രെഡിന്റെ മോഡേൺ 100% ഹോൾ വീറ്റ് ബ്രെഡ് ഉപയോഗിച്ച് നിർമ്മിക്കുന്നു. നാരുകളാൽ സമ്പുഷ്ടമായതും മൈദയില്ലാത്തതുമായതിനാൽ, മിതമായ അളവിൽ കഴിക്കുമ്പോൾ ഒരു ഡെസേർട്ട് ഓപ്ഷനായ ഇത് മികച്ച അനുഭവമായിരിക്കും സമ്മാനിക്കു. ഒരു ക്രഞ്ചി ഫ്രൂട്ട് മിക്സചറും മധുരമുള്ള ഉണക്കമുന്തിരിയും ഉപയോഗിച്ച് ടോപ്പ് ചെയ്ത, ഈ പുഡ്ഡിംഗ് എല്ലാവർക്കും അനുയോജ്യമായ വിഭവമായിരിക്കുമെന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു

# ഐസിഐസിഐ പ്രൂ വിഷ് ഇൻഷുറൻസ് പ്ലാൻ അവതരിപ്പിച്ചു

**കോഴിക്കോട്:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്, ഐസിഐസിഐ പ്രൂ വിഷ് എന്ന പേരിൽ സ്ത്രീകൾക്ക് മാത്രമായി പ്രത്യേകം രൂപകൽപന ചെയ്ത ഇൻഷുറൻസ് പ്ലാൻ പുറത്തിറക്കി. ഹൃദ്രോഗം, ബ്രസ്റ്റ് ക്യാൻസർ, കെർവിക്കൽ ക്യാൻസർ, യൂട്രിൻ ക്യാൻസർ പോലുള്ള ഗുരുതരമായ രോഗങ്ങളുടെ രോഗനിർണയത്തിനായി ഉടനടി ആരോഗ്യ പരിരക്ഷ തുകയുടെ 100% വരെ നൽകുന്ന തരത്തിലാണ് ഐസിഐസിഐ പ്രൂ വിഷ് രൂപകൽപന ചെയ്തിരിക്കുന്നതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രൊഡക്റ്റ് ആൻഡ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട്ട പറഞ്ഞു.ഉപഭോക്താക്കളെ അവരുടെ ഫണ്ടൊഴുക്ക് മികച്ച രീതിയിൽ ആസൂത്രണം ചെയ്യാൻ പ്രാപ്തരാക്കുന്ന തരത്തിൽ, ഐസിഐസിഐ പ്രൂ വിഷ് പ്രീമിയം തുക 30 വർഷത്തേക്ക് സ്ഥിരമായി മാറ്റമില്ലാതെ തുടരും. പ്രീമിയം ഹോളിഡേയാണ് ഈ ഉൽപന്നത്തിന്റെ മറ്റൊരു ശ്രദ്ധേയമായ സവിശേഷത. 30 വർഷത്തേക്ക് പ്രീമിയം ഗ്യാരണ്ടി നൽകുന്നതിനൊപ്പം, ചില മെഡിക്കൽ സാഹചര്യങ്ങളിൽ ഉപഭോക്താക്കൾക്ക് ഒന്നിലധികം ക്ലെയിമുകൾ ഉന്നയിക്കാൻ അനുവദിക്കുന്ന രീതിയിലാണ് ഐസിഐസിഐ പ്രൂ വിഷ് രൂപകൽപന ചെയ്തിരിക്കുന്നത്. ഉപഭോക്താക്കൾക്ക് ലഭിക്കുന്ന അധിക പേഔട്ട് പുനരധിവാസ ചെലവുകൾ വഹിക്കാനും അവരെ സഹായിക്കും. സ്ത്രീകളുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രത്യേകം രൂപകൽപന ചെയ്തിട്ടുള്ള ലൈഫ് ഇൻഷുറൻസ് വ്യവസായത്തിലെ ആദ്യത്തെ ആരോഗ്യ ഉൽപ്പന്നമാണ് ഐസിഐസിഐ പ്രൂ വിഷ് എന്നും അമിത് പാൽട്ട പറഞ്ഞു.

# വിനീർ എഞ്ചിനീയറിങ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** വൈവിധ്യമാർന്ന വ്യവസായങ്ങൾക്കും ആപ്ലിക്കേഷനുകൾക്കുമായി പ്രത്യേകവും നിർണായകവും ഭാരമേറിയതും കൃത്യതയുള്ളതും മെഷീൻ ചെയ്തതുമായ ഘടകങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന സംയോജിത എഞ്ചിനീയറിങ് സൊല്യൂഷൻസ് കമ്പനിയായ വിനീർ എഞ്ചിനീയറി ങ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.ഓഹരി ഒന്നിന് രണ്ട് രൂപ വീതം മുഖവിലയുള്ള 53,300,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പാൻറോമാത്ത് ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഇഷ്യുവിൻറെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ. കെഫിൻ ടെക്നോളജീസ് ലിമിറ്റഡാണ് ഓഫറിൻറെ രജിസ്ട്രാർ.

# സ്മാർട്ട് ബസാർ ഫുൾ പൈസ വസൂൽ സെയ്ൽ പ്രഖ്യാപിച്ചു

**മുംബൈ/കൊച്ചി:** സ്മാർട്ട് ബസാർ, ഫുൾ പൈസ വസൂൽ സെയ്ൽ പ്രഖ്യാപിച്ചു. 2025 ജനുവരി 22 മുതൽ ജനുവരി 26 വരെയാണ് ഫുൾ പൈസ വസൂൽ സെയിൽ. അവിശ്വസനീയമായ ഡിസ്ക്കൗണ്ടുകളും അസാധാരണമായ സേവിങ്സ് അവസരവും പ്രദാനം ചെയ്യുന്നതാണ് ഈ മെഗാ വിൽപ്പന. വിപുലമായ ഉൽപ്പന്ന ശ്രേണികളിൽ ഡിസ്ക്കൗണ്ട് ആനുകൂല്യങ്ങൾ ലഭ്യമാണെന്ന് സ്മാർട്ട് ബസാർ അധികൃതർ വ്യക്തമാക്കി.രാജ്യവ്യാപകമായി 900 സ്റ്റോറുകളാണ് സ്മാർട്ട് ബസാർ ശൃംഖലയിലുള്ളത്. മറ്റെവിടെയും ലഭ്യമല്ലാത്ത ഡീലുകളാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്. ഒരു കുടുംബത്തിന് ആവശ്യമായ എല്ലാ ഉൽപ്പന്നങ്ങളും വളരെ കുറഞ്ഞ വിലയിൽ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് റിലയൻസ് സ്മാർട്ട് ബസാർ.

# റോബോട്ടിക് കാർഡിയാക് ടെലിസർജറി വിജയകരം

**കൊച്ചി:** തദ്ദേശീയ ശസ്ത്രക്രിയാ റോബോട്ടിക് സാങ്കേതികവിദ്യയുടെ ഡെവലപ്പറായ എസ്എസ് ഇന്നൊവേഷൻസ്, രണ്ട് ദിവസത്തിനുള്ളിൽ രണ്ട് റോബോട്ടിക് കാർഡിയാക് ടെലിസർജറികൾ വിജയകരമായി നടത്തിയതായി എസ്എസ് ഇന്നൊവേഷൻസ് സ്ഥാപകനും ചെയർമാനും സിഇഒയുമായ ഡോ. സുധീർ ശ്രീവാസ്തവ പറഞ്ഞു.




എസ്എസ്ഐ മന്ത്ര 3 സർജിക്കൽ റോബോട്ടിക് സിസ്റ്റം ഉപയോഗിച്ച് ഗുരുഗ്രാമിലെ എസ്എസ് ഇന്നൊവേഷൻസിന്റെ ആസ്ഥാനത്തെ രാജസ്ഥാനിലെ ജയ്പൂരിലെ മണിപ്പാൽ ആശുപത്രിയുമായി 286 കിലോമീറ്റർ ദൂരത്തിൽ ബന്ധിപ്പിച്ചായിരുന്നു ഇത് സാധ്യമാക്കിയത്.ടെലിറോബോട്ടിക് സഹായത്തോടെ വിദൂരമായി നടത്തിയ ഇന്റേണൽ മാമറി ആർട്ടറി ഹാർവെസ്റ്റിംഗ് നടപടിക്രമം വെറും 58 മിനിറ്റിനുള്ളിൽ വിജയകരമായി പൂർത്തിയാക്കി. ഗുരുഗ്രാമിലെ എസ്എസ്ഐ ആസ്ഥാനത്ത് നിന്ന് എസ്എസ് ഇന്നൊവേഷൻസ് ഇന്റർനാഷണലിന്റെ സ്ഥാപകനും ചെയർമാനും സിഇഒയുമായ ഡോ. സുധീർ ശ്രീവാസ്തവയുടെ നേതൃത്വത്തിൽ നടത്തിയ ടെലിസർജറിയിൽ ജയ്പൂരിലെ മണിപ്പാൽ ഹോസ്പിറ്റലിലെ കാർഡിയാക് സർജറി ചീഫ് ഡോ. ലളിത് മാലിക്കും അദ്ദേഹത്തിന്റെ വിദഗ്ദ ടീമും പിന്തുണച്ചു. ഏറ്റവും സങ്കീർണ്ണമായ കാർഡിയാക് ശസ്ത്രക്രിയാ നടപടിക്രമങ്ങളിൽ ഒന്നായ റോബോട്ടിക് ബീറ്റിംഗ് ഹാർട്ട് ടോട്ടലി എൻഡോസ്കോപ്പിക് കൊറോണറി ആർട്ടറി ബൈപാസ് 3540 മില്ലിസെക്കൻഡ് (ഒരു സെക്കൻഡിന്റെ 1/20 ഭാഗം) എന്ന അവിശ്വസനീയമാംവിധം കുറഞ്ഞ ലേറ്റൻസിയിൽ അസാധാരണമായ കൃത്യത പ്രകടമാക്കിയതായും അദ്ദേഹം വ്യക്തമാക്കി.

# കൊച്ചി മാരത്തോൺ: പങ്കാളിയായി ടൈഗർ ബാം

**കൊച്ചി:** മൂന്നാമത് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോണുമായി സഹകരണം ഉറപ്പാക്കി ആഗോള ബ്രാൻഡായ ടൈഗർ ബാം. ക്ലിയോ സ്പോർട്സിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന മാരത്തോണിൽ തുടർച്ചയായി രണ്ടാം തവണയാണ് ടൈഗർ ബാം ഔദ്യോഗിക വേദനസംഹാര പാർട്ണറാകുന്നത്. നേരത്തെ, പാരിസ് മാരത്തൺ, സിംഗപ്പൂർ മാരത്തൺ തുടങ്ങി നിരവധി മാരത്തണുകളിലും ട്രയത്ലോണുകളിലും സ്പോൺസർമാരായിട്ടുണ്ട്. സഹകരണത്തിലൂടെ ഓട്ടക്കാർക്ക് ശക്തമായ പിന്തുണയാണ് ടൈഗർ ബാം നൽകുന്നതെന്ന് ഗാർഡെനിയ കോസ്മോ ട്രേഡ് എൽഎൽപിയുടെ മാർക്കറ്റിങ് ഡയറക്ടർ പുനിത് മൊട്ടിയാനി പറഞ്ഞു. ഒ വേദന സംബന്ധമായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ടച്ച് പോയിന്റുകൾ സ്ഥാപിക്കും. കൂടാതെ മാരത്തണിന് ശേഷമുണ്ടാകുന്ന വേദനകളും അസ്വസ്ഥതകളും പരിഹരിക്കുന്നതിനും പരിചരണത്തിനുമായി പ്രൊഫഷണൽ സ്പോർട്സ് തെറാപ്പിസ്റ്റുകളുടെ റിലീഫ് സോണും സജ്ജമാക്കുമെന്നും അദ്ദേഹം പറഞ്ഞു.അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ അംഗീകരം ലഭിച്ച മരത്തോൺ ഫെബ്രുവരി ഒമ്പതിന് മറൈൻ ഡ്രൈവിലാണ് നടക്കുക. പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് www.kochimarathon.in എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം.




സൊസൈറ്റി ടുഡേ
SOCIETY TODAY

# ഡിപ്ലോസ് മാക്സ് പുറത്തിറക്കി ന്യൂമെറോസ് മോട്ടോഴ്സ്



**കൊച്ചി:** ന്യൂമെറോസ് മോട്ടോഴ്സ് മൾട്ടിപർപ്പസ് ഇസ്കൂട്ടറായ ഡിപ്ലോസ് മാക്സ് അവതരിപ്പിച്ചു. ഡൽഹിയിൽ നടക്കുന്ന ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ 2025ലാണ് പുതിയ മോഡൽ പുറത്തിറക്കിയത്. ഇതോടൊപ്പം ഇന്ത്യയിലെ ആദ്യത്തെ ബൈക്ക്സ്കൂട്ടർ ക്രോസ്ഓവർ പ്ലാറ്റ്ഫോമും കമ്പനി അനാവരണം ചെയ്തിട്ടുണ്ട്.നൂതന എഞ്ചിനീയറിങ് ഉപയോഗിച്ച് നിർമിച്ച ഡിപ്ലോസ് പ്ലാറ്റ്ഫോം ഇതിനകം 13.9 ദശലക്ഷത്തിലധികം കിലോമീറ്ററുകൾ ഉൾക്കൊള്ളുന്ന വിവിധ ഭൂപ്രദേശങ്ങളിൽ അസാധാരണമായ പ്രകടനം ഉറപ്പാക്കിയിട്ടുണ്ടെന്ന് ന്യൂമെറോസ് മോട്ടോഴ്സിൻറെ സ്ഥാപകനും സിഇഒയുമായ ശ്രേയസ് ഷിബുലാൽ പറഞ്ഞു. 34 മണിക്കൂറിനുള്ളിൽ ബാറ്ററി പൂർണമായും ചാർജ് ചെയ്യാനാവും. 63 കിലോമീറ്റർ ഉയർന്ന വേഗതക്കൊപ്പം, 140 കിലോമീറ്റർ ഐഡിസി റേഞ്ചും ഡിപ്ലോസ് മാക്സ് നൽകുന്നു. സുരക്ഷ, വിശ്വാസ്യത, ദൃഢത എന്നീ മൂന്ന് തത്വങ്ങൾ ഉൾക്കൊണ്ടാണ് ഡിപ്ലോസ് മാക്സ് എത്തുന്നത്. മികച്ച സുരക്ഷക്കായി ഡ്യുവൽ ഡിസ്ക് ബ്രേക്കുകൾ, എൽഇഡി ലൈറ്റിങ്, തെഫ്റ്റ് അലേർട്ട്, ജിയോഫെൻസിങ്, വെഹിക്കിൾ ട്രാക്കിങ് തുടങ്ങിയ സ്മാർട്ട് ഫീച്ചറുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സുസ്ഥിരമായ ദീർഘകാല പ്രകടനം മുന്നിൽ കണ്ടാണ് വാഹനത്തിലെ ചേസിസ്, ബാറ്ററി, മോട്ടോർ, കൺട്രോളർ തുടങ്ങിയവ രൂപകൽപന ചെയ്തിരിക്കുന്നത്.

സുരക്ഷിതവും വിശ്വസനീയവും മോടിയുള്ളതുമായ ഒരു ഇന്ത്യൻ നിർമിത വാഹനം വിതരണം ചെയ്യുന്നതിലൂടെ തങ്ങളുടെ ഉപയോക്താക്കളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റാനാണ് ലക്ഷ്യമിടുന്നതെന്നും ശ്രേയസ് ഷിബുലാൽ പറഞ്ഞു.

ചുവപ്പ്, നീല, വെളുപ്പ് എന്നീ നിറങ്ങളിൽ ഡിപ്ലോസ് മാക്സ് ലഭ്യമാവും. നിലവിൽ 14 നഗരങ്ങളിലാണ് ന്യൂമെറോസ് മോട്ടോഴ്സിൻറെ പ്രവർത്തനം. 202526 സാമ്പത്തിക വർഷത്തിൻറെ അവസാനത്തോടെ 170 ഡീലർമാരെ ഉൾപ്പെടുത്താൻ കമ്പനിക്ക് പദ്ധതിയുണ്ട്. പിഎം ഇഡ്രൈവ് സ്കീം ഉൾപ്പെടെ 1,09,999 രൂപയാണ് ബെംഗളൂരു എക്സ്ഷോറൂം വില.




## ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ 2025; വാഹനശ്രേണി പ്രദർശിപ്പിച്ച് ലെക്സസ് ഇന്ത്യ

**കൊച്ചി:** ലെക്സസ് ഇന്ത്യ ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ 2025ൽ ആഡംബരം വ്യക്തിപരമാക്കുക' എന്നടാഗ്‌ലൈനിന് വാഹനങ്ങളുടെ നിര പ്രദർശിപ്പിച്ചു. ഫ്യൂച്ചർ സോൺ, ലൈഫ്സ്റ്റൈൽ സോൺ, ഹൈബ്രിഡ് സോൺ എന്നിങ്ങനെ മൂന്ന് വ്യത്യസ്ത സോണുകൾ ലെക്സസ് അവതരിപ്പിച്ചു. നെക്സ്റ്റ് ജനറേഷൻ ബാറ്ററി ഇലക്ട്രിക് വെഹിക്കിൾ (ആളഢ) കൺസെപ്റ്റ് കാർ ഇലക്ട്രിക് കാറുകളിലൂടെ മൊബിലിറ്റിക്ക് പുതിയ സാധ്യതകൾ വിഭാവനം ചെയ്യുന്ന വിഭാഗങ്ങളാണ് പ്രധാനമായും അവതരിപ്പിക്കപ്പെട്ടത്. എലവേറ്റഡ് ഡ്രൈവിംഗ് ഡൈനാമിക്സ്, വിട്ടുവീഴ്ചയില്ലാത്ത ഡിസൈൻ, നവീനവും എക്സ്ക്ലൂസീവുമായ സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന ലെക്സസ് ഫ്യൂച്ചർ സീറോഎമിഷൻ കാറ്റലിസ്റ്റ് എക്സ്പോയിലെ പ്രധാന ആകർഷണമായിരുന്നു.സുസ്ഥിരതയ്ക്കും ആഡംബരത്തിനുമായുള്ള തങ്ങളുടെ അന്വേഷണത്തിൽ ഉറച്ചു നിൽക്കുമ്പോൾ തന്നെ, ഭാവിയിലേക്കുള്ള ലെക്സസിന്റെ കാഴ്ചപ്പാട് നിർവചിക്കുന്ന അസാധാരണമായ അനുഭവങ്ങൾ, നെക്സ്റ്റ്ജനറേഷൻ ഡിസൈൻ, ഭാവനാപരമായ സാങ്കേതികത എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിൽ ഏറെ സന്തുഷ്ടരാണെന്ന് ലെക്സസ് ഇന്ത്യ പ്രസിഡന്റ് ഹികാരു ഇക്യൂച്ചി പറഞ്ഞു.

ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ 2025ൽ ലെക്സസ് ഇന്ത്യ അതിന്റെ ആവേശകരമായ ശ്രേണി പ്രദർശിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ലെക്സസ് ഇന്ത്യ എക്സിക്യൂട്ടിവ് വൈസ് പ്രസിഡന്റ് തൻമയ ഭട്ടാചാര്യ അഭിപ്രായപ്പെട്ടു.

# ചെമ്മീൻ തോട് ശുദ്ധീകരണത്തിന് ഐസിഎആർ സിഫ്റ്റിന്റെ സാങ്കേതിക പിന്തുണ





**കൊച്ചി:** രാജ്യത്തിലെ ആദ്യത്തെ ചെമ്മീൻ തോട് മാലിന്യസംസ്കരണ ജൈവശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് കൊച്ചിയിലെ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്ട് സാങ്കേതിക സൗകര്യമൊരുക്കി. ചെമ്മീൻ മാലിന്യ സംസ്കരണം കൈകാര്യം ചെയ്യുന്നതിൽ രാജ്യത്ത് സുസ്ഥിരമായ രീതികൾ കുറവാണ്. മാത്രമല്ല ഈ പ്രശ്നം പലപ്പോഴും പാരിസ്ഥിതിക പ്രശ്നമായി കണക്കാക്കപ്പെടുന്നു.

ചെമ്മീൻ തോട് മാലിന്യത്തിന്റെ ഉപയോഗങ്ങൾ മനസിലാക്കുകയും അതിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് , ഈ ഉപോൽപ്പന്നത്തെ മൂല്യവത്തായ വിഭവങ്ങളാക്കി മാറ്റുന്നതിനുള്ള അത്യാധുനിക സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിന് കൊച്ചിയിലെ ഐ സി എ ആർ സിഫ്ട് നേതൃത്വം നൽകി. ഐ സി എ ആർ സിഫ്റ്റിന്റെ ചെമ്മീൻ തോട് ജൈവശുദ്ധീകരണശാല സാങ്കേതികവിദ്യ പരിസ്ഥിതി ആഘാതം കുറയ്ക്കുക മാത്രമല്ല, കൃഷി മുതൽ ഫാർമസ്യൂട്ടിക്കൽസ് വരെയുള്ള വ്യവസായങ്ങളിൽ ആവശ്യമായുള്ള കൈറ്റിൻ, കൈറ്റോസൻ, ചെമ്മീൻ പ്രോട്ടീൻ ഹൈഡ്രോലൈസേറ്റ് തുടങ്ങിയ ഉയർന്ന മൂല്യമുള്ള ഉൽപ്പന്നങ്ങൾ നിർമിക്കുകയും ചെയ്യുന്നു.2020ൽ ഐ സി എ ആർ സിഫ്റ്റിന്റെ വെരാവൽ റിസർച്ച് സെന്ററിൽ, ഗുജറാത്തിലെ ഇ ഡി ഐ ഐ ൽ നിന്നുള്ള യുവസംരംഭകനും ബിരുദധാരിയുമായ അമേയ് നായിക്, ചെമ്മീൻ മാലിന്യത്തിന്റെ സാധ്യതകൾ പര്യവേക്ഷണം ചെയ്തതോടെയാണ് കഥ ആരംഭിച്ചത്.

ചെമ്മീൻ, ഞണ്ട്, കണവ മുതലായവയുടെ പുറംതൊലിയിൽ നിന്ന് വേർപെടുത്തിയ പ്രകൃതിദത്തമായ വസ്തുവാണ് കൈറ്റിൻ. കൈറ്റിൻ ശുദ്ധീകരിച്ചാണ് കൈറ്റോസൻ ലഭിക്കുന്നത്. കൊളസ്ട്രോൾ, അമിതഭാരം, അനുബന്ധ ആരോഗ്യപ്രശ്നങ്ങൾ എന്നിവയ്ക്ക് അന്തർദേശീയമായി അംഗീകാരം നേടിയ പ്രകൃതിദത്ത ആരോഗ്യ സംരക്ഷണ ഉൽപ്പന്നമാണ് കൈറ്റോസൻ. ഇത് മരുന്നായും മരുന്ന് നിർമ്മാണത്തിലും ഉപയോഗിക്കുന്നു.ഇന്ന്, മുംബൈയിലെ ചെമ്മീൻ ജൈവശുദ്ധീകരണശാലയായ ലോങ്ഷോർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് പ്ലാന്റ് ദിവസേന രണ്ട് ടൺ ചെമ്മീൻ തോട് മാലിന്യം സംസ്കരിക്കുകയും ചെമ്മീൻ പ്രോട്ടീൻ ഹൈഡ്രോലൈസേറ്റ്, കൈറ്റിൻ, കൈറ്റോസൻ എന്നിവ ഉത്പാദിപ്പിക്കുകയും ചെയ്യുന്നു. ഇത് പരിസ്ഥിതി മാലിന്യങ്ങൾ കുറയ്ക്കുന്നതിനും സാമ്പത്തിക ലാഭം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. ഇന്ത്യയുടെ മൽസ്യസംസ്കരണ വ്യവസായത്തിന് പ്രായോഗികമായ പരിഹാരങ്ങൾ ഈ പദ്ധതി പ്രതിഫലിപ്പിക്കുന്നുവെന്ന് സിഫ്ട് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ പറഞ്ഞു.

